www.societytodaynews.com

2024 SEPTEMBER
20
FRIDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## മലയാളിയായ മുഹമ്മദ് മിയാൻദാദ് ഫോർബ്സ് ടോപ് 100 പട്ടികയിൽ



**ദോഹ:** ഫോർബ്സ് മിഡിൽ ഈസ്റ്റ് ടോപ് 100 ഗ്ലോബൽ ഹെൽത്ത്കെയർ ലീഡേഴ്സ്' പട്ടികയിൽ തുടർച്ചയായി രണ്ടാം തവണയും ഇടം നേടി നസീം ഹെൽത്ത്കെയർ മാനേജിംഗ് ഡയറക്ടറും 33 ഹോൾഡിംഗ്സിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മുഹമ്മദ് മിയാൻദാദ്. മലപ്പുറം സ്വദേശിയായ മുഹമ്മദ് മിയാൻദാദിന്റെ നേതൃത്വത്തിൽ ഖത്തറിലെ ആരോഗ്യ മേഖലയിൽ നടത്തിയ മാറ്റങ്ങൾക്കും ആഗോള തലത്തിലെ നേട്ടങ്ങളും മുൻനിർത്തിയാണ് അംഗീകാരം. മുഹമ്മദ് മിയാൻദാദ് നേതൃത്വം നൽകുന്ന നസീം ഹെൽത്ത്കെയർ ഖത്തറിലെ ആരോഗ്യപരിപാലന രംഗത്ത് മുൻനിരയിലാണ്. എബിഎംഫോർ ട്രേഡിംഗ്, എബിഎംഫോർ സയന്റിഫിക്, ഡിഫൈൻ ഡെന്റൽ ലാബ്, ഖത്തർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് ഉൾപ്പെടെ ഖത്തറിലെ ആരോഗ്യ സേവനത്തിന്റെ നിലവാരം ഉയർത്തി രോഗികൾക്ക് മികച്ച പരിചരണം ലഭ്യമാക്കുന്നതിനായി മുഹമ്മദ് മിയാൻദാദ് നടപ്പിലാക്കിയ പദ്ധതികൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. യു.എസ്.എ, കാനഡ ഉൾപ്പെടെയുള്ള രാജ്യങ്ങൾ കൂടാതെ ജി.സി.സിയുടെ വിവിധഭാഗങ്ങളിൽ നിന്നടക്കമുള്ള പ്രമുഖ ആരോഗ്യപ്രവർത്തകർക്കിടയിലെ ഖത്തറിൽ നിന്നുള്ള ഏക ഇന്ത്യൻ വംശജനാണ് മുഹമ്മദ് മിയാൻദാദ് എന്നതും ശ്രദ്ധേയമാണ്. കഴിഞ്ഞ 14 വർഷമായി ഖത്തറിലെ ആരോഗ്യ മേഖലയിൽ പ്രവർത്തിച്ചുവരുന്ന മുഹമ്മദ് മിയാൻദാദിന് ഹെൽത്ത് കെയർ ഏഷ്യാ അവാർഡ്, ഖത്തറിലെ ഇൻഡ്യൻ ബിസിനസ് എക്സലൻസ് അവാർഡ് അടക്കമുള്ള പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്.ഫോർബ്സിന്റെ 'ടോപ് 100' പട്ടികയിൽ ഇടം നേടാനായത് കൂട്ടായ്മയുടെ വിജയമാണെന്ന് മുഹമ്മദ് മിയാൻദാദ് പറഞ്ഞു. ഈ അംഗീകാരം വലിയ സന്തോഷവും ഊർജ്ജവും പകരുന്നതാണ്. 'ഞങ്ങളുടെ ടീം തന്നെ എനിക്ക് കരുത്താണ്. അവരുടെ സമർപ്പണവും കഠിനാദ്ധ്വാനവും ഇല്ലായിരുന്നുവെങ്കിൽ എനിക്ക് ഈ അംഗീകാരം കരസ്ഥമാക്കാനാകില്ലായിരുന്നുവെന്നും മുഹമ്മദ് മിയാൻദാദ് പറഞ്ഞു.

# 15 വർഷക്കാലാവധി കഴിഞ്ഞ കെഎസ്ആർടിസി ബസുകൾ പിൻവലിക്കും

**തൃശ്ശൂർ:** 1200 ഓർഡിനറി ബസുകളുടെ കാലാവധി അടുത്തമാസം അവസാനിക്കുന്നതോടെ പ്രതിസന്ധിയിലായി കെ.എസ്.ആർ.ടി.സി. 15 വർഷം കഴിഞ്ഞപ്പോഴാണ് ഓർഡിനറി സർവീസിന് ഉപയോഗിക്കുന്ന ഈ ബസുകളുടെ കാലാവധി ഒരു വർഷം കൂടി സർക്കാർ നീട്ടിനൽകിയത്. ഇതിനോടൊപ്പം അടുത്തമാസം ആയിരത്തിലധികം ബസുകൾ കൂടി 15 വർഷം പിന്നിടും. നഗരഗതാഗതത്തിന് 305 മിനിബസുകൾ വാങ്ങാൻ കരാർനടപടികളിലേക്ക് കടന്നെങ്കിലും സാമ്പത്തികപ്രതിസന്ധിയുള്ളതിനാൽ സർക്കാർ ഇക്കാര്യം നിർത്തിവയ്ക്കുമോ എന്ന് വ്യക്തമല്ല.



ബസുകൾ നിരത്തൊഴിയുന്നതോടെ സർവീസുകളെ ബാധിക്കുമെന്നും ഫണ്ട് കുറയ്ക്കരുതെന്നും വ്യക്തമാക്കി ധനവകുപ്പിന് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്. പ്ലാൻഫണ്ടിൽ 93 കോടിരൂപ സർക്കാർ അനുവദിക്കുമെന്നാണ് പ്രതീക്ഷ. നേരത്തേ ബസ് നൽകിയ കമ്പനിക്കും കോച്ച് നിർമിച്ച സ്ഥാപനത്തിനും കുടിശ്ശിക തീർക്കാനുണ്ട്.

പുതിയ ബസുകൾ വാങ്ങാൻ അനുമതി ലഭിക്കാത്തതിനാൽ പ്രത്യേക ഉത്തരവിലൂടെ 280 ബസുകളുടെ കാലാവധി എട്ടുവർഷം ദീർഘിപ്പിച്ചിരുന്നു. പി.എം.ഇ. ബസ് സേവാ പദ്ധതിപ്രകാരം ഇലക്ട്രിക് ബസുകൾ നൽകാൻ കേന്ദ്രം തയ്യാറാണെങ്കിലും കേരളം അതിനോട് പ്രതികരിച്ചിട്ടില്ല. ആദ്യഘട്ടത്തിൽ കേന്ദ്രത്തിന്റെ ഇബസുകൾ ലഭിക്കാൻ സംസ്ഥാന ധനവകുപ്പിന്റെ ഗാരന്റി നൽകാനുള്ള നീക്കം നടന്നിരുന്നു. എന്നാൽ പിന്നീട് നടപടികൾ ഇഴഞ്ഞു.

## ഫെഡറൽ റിസർവിന്റെ അപ്രതീക്ഷിത നീക്കം: ഇന്ത്യൻ ഓഹരികൾ റെക്കോഡ് ഉയരത്തിൽ

**കൊച്ചി:** സാമ്പത്തിക മേഖലയിൽ ഉണർവ് സൃഷ്ടിക്കുന്നതിന് അമെരിക്കയിലെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് മുഖ്യ പലിശ നിരക്ക് അര ശതമാനം കുറച്ചതോടെ ലോകമെമ്പാടുമുള്ള വിപണികൾ കരുതലോടെ നീങ്ങുന്നു. നാണയപ്പെരുപ്പം കുറഞ്ഞതും തൊഴിൽ വിപണിയിലെ തളർച്ചയും കണക്കിലെടുത്ത് പലിശ നിരക്കിൽ കാൽ ശതമാനം കുറവാണ് വിപണി പ്രതീക്ഷിച്ചിരുന്നത്. നാല് വർഷത്തിനിടെ ഇതാദ്യമായാണ് ഫെഡ് നിരക്കുകളിൽ കുറവ് വരുത്തിയത്.

നാണയപ്പെരുപ്പ നിയന്ത്രണത്തിൽ വിശ്വാസമേറിയതിനാൽ ഇത്രയും വലിയ തോതിൽ നിരക്ക് കുറയ്ക്കുന്നതെന്ന് ഫെഡറൽ റിസർവ് ചെയർമാൻ ജെറോം പവൽ വ്യക്തമാക്കി. ലോകമെമ്പാടും ഭക്ഷ്യ, ഇന്ധന, വ്യാവസായിക ഉത്പന്നങ്ങളുടെ വില താഴുന്നതിനാൽ വരും ദിവസങ്ങളിൽ യൂറോപ്പിലെയും ഏഷ്യയിലെയും കേന്ദ്ര ബാങ്കുകളും പലിശ നിരക്കുകളിൽ കുറവ് വരുത്തുമെന്ന് പ്രതീക്ഷിക്കുന്നു.



ഇന്ന് നടക്കുന്ന യൂറോപ്യൻ സെൻട്രൽ ബാങ്കിൻറെ യോഗത്തിൽ പലിശ കുറയ്ക്കാൻ സാധ്യതയില്ല. അമെരിക്കൻ ഓഹരി വിപണി ബുധനാഴ്ച നഷ്ടത്തിലാണ് വ്യാപാരം പൂർത്തിയാക്കിയത്. എന്നാൽ ഏഷ്യൻ, യൂറോപ്യൻ ഓഹരികൾ ഇന്നലെ നേട്ടമുണ്ടാക്കി.

ഫെഡറൽ റിസർവിൻറെ ശക്തമായ തീരുമാനത്തിന് പിന്നാലെ ഇന്ത്യൻ ഓഹരികൾ ഇന്നലെ റെക്കോഡ് ഉയരത്തിൽ വ്യാപാരം പൂർത്തിയാക്കി. അമെരിക്കയിൽ പലിശ കുറയുന്നതോടെ ഇന്ത്യയിലേക്കുള്ള വിദേശ നിക്ഷേപ ഒഴുക്ക് കൂടുമെന്ന പ്രതീക്ഷയാണ് വിപണിക്ക് ആവേശം പകർന്നത്. ബോംബെ ഓഹരി സൂചിക 236.57 പോയിൻറ് നേട്ടവുമായി 83,184.80ൽ വ്യാപാരം പൂർത്തിയാക്കി. ദേശീയ സൂചികയായ നിഫ്റ്റി 38.25 പോയിൻറ് ഉയർന്ന് 25,415.80ൽ അവസാനിച്ചു. ഐടി ഫാർമ മേഖലകളിലെ ഓഹരികളാണ് പ്രധാനമായും വിപണിക്ക് കരുത്ത് പകർന്നത്. അതേസമയം ചെറുകിട, ഇടത്തരം കമ്പനികളുടെ ഓഹരികൾ വിൽപ്പന സമ്മർദം നേരിട്ടു. ബാങ്കിങ്, കൺസ്യൂമർ ഗുഡ്സ്, റിയൽറ്റി ഓഹരികളും നേട്ടമുണ്ടാക്കി. വൊഡഫോൺ ഐഡിയ, ഇൻഡസ് ടവേഴ്സ് തുടങ്ങിയവ ഇന്നലെ കനത്ത നഷ്ടം നേരിട്ടു. ഫെഡറൽ റിസർവ് തീരുമാനത്തോടെ റെക്കോഡ് പുതുക്കി മുന്നേറിയ ആഗോള സ്വർണ വില ലാഭമെടുപ്പിൽ താഴേക്ക് നീങ്ങി. ഇന്നലെ ഒരവസരത്തിൽ സ്വർണ വില ഔൺസിന് 2,600 ഡോളർ വരെ ഉയർന്നു. പിന്നീട് തിരിച്ചിറങ്ങി 2,564 ഡോളറിലാണ്. കേരളത്തിൽ സ്വർണ വില പവന് 200 രൂപ കുറഞ്ഞ് 54,600 രൂപയിലെത്തി. ഗ്രാമിൻറെ വില 25 രൂപ താഴ്ന്ന് 6,825 രൂപയായി.



# ടൂർപാക്കേജിൽ വാഗ്ദാനം ചെയ്ത സ്ഥലങ്ങൾ കാണിച്ചില്ല; ഏജൻസി 78,000 നൽകണമെന്ന് ഉപഭോക്തൃ കോടതി

**കൊച്ചി:** ആകർഷകമായ പാക്കേജ് ഒരുക്കി യാത്രക്കാരെ ഡൽഹി വരെയെത്തിച്ച ശേഷം വാഗ്ദാനം ലംഘിച്ച ടൂർ കമ്പനിക്കെതിരെ കർശനമായി ഇടപെട്ട് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കോടതി. മൂവാറ്റുപുഴ സ്വദേശി പി കെ വിശ്വനാഥൻ സമർപ്പിച്ച പരാതിയിലാണ് നടപടി.ഡൽഹി, ആഗ്ര, കുളു, മണാലി, അമൃതസർ, വാഗാ അതിർത്തി തുടങ്ങിയ കേന്ദ്രങ്ങളിൽ കൊണ്ടുപോകുമെന്ന് വിശ്വസിപ്പിച്ചാണ് സ്ഥാപനം ബുക്കിംഗ് സ്വീകരിച്ചത്. എന്നാൽ വാഗ്ദാനം ചെയ്ത സൗകര്യങ്ങൾ ഒന്നും നൽകിയില്ല. ഒടുവിൽ സന്ദർശിക്കാനുള്ള സ്ഥലങ്ങൾ പോലും വെട്ടിച്ചുരുക്കി. ഇതോടെയാണ് പരാതിക്കാരൻ കോടതിയെ സമീപിച്ചത്. പരാതിക്കാരനും ഭാര്യയും അടക്കം 42 പേരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

ഡൽഹിയിലെ വിവിധ കേന്ദ്രങ്ങളിൽ വോൾവോ എസി സെമി സ്ലീപ്പർ ഡീലക്സ് ബസിൽ എത്തിക്കും എന്നായിരുന്നു വാഗ്ദാനം. ഇത് ആദ്യം ലംഘിക്കപ്പെട്ടു. സാധാരണ എസി ബസ് ആണ് കിട്ടിയത്. ഇത് ഓടിക്കാൻ 70 വയസുകാരൻ മാത്രമാണ് ഉണ്ടായിരുന്നത്. ഇയാൾ തുടർച്ചയായി 3000 കിലോമീറ്റർ ബസ് ഓടിക്കേണ്ടിവന്നു. ഒരു ഡ്രൈവറെ കൂടി നൽകുമെന്ന വാഗ്ദാനവും ലംഘിക്കപ്പെട്ടു. താമസത്തിന് നിലവാരമുള്ള ഹോട്ടൽ മുറി നൽകുമെന്ന വാഗ്ദാനവും പാലിച്ചില്ല. ഇത് മാനസികമായും ശാരീരികമായും ബുദ്ധിമുട്ട് ഉണ്ടാക്കി. ഏഴു രാത്രി ത്രീസ്റ്റാർ സൗകര്യമുള്ള മുറി നൽകുമെന്ന് പറഞ്ഞിട്ട് മൂന്ന് രാത്രി ബസിൽ തന്നെ കഴിയേണ്ടി വന്നുവെന്ന് പരാതിക്കാരൻ കോടതിയെ അറിയിച്ചു. ത്രീസ്റ്റാർ സൗകര്യങ്ങൾ തന്നെ നൽകിയെന്ന് ചില ഫോട്ടോകൾ കാണിച്ച് ടൂർ കമ്പനി വാദിച്ചെങ്കിലും അവ വിശ്വാസ യോഗ്യമല്ലെന്ന് കോടതി കണ്ടെത്തി. വിനോദയാത്രാ സംഘത്തിലെ ഭൂരിഭാഗം യാത്രക്കാർക്കും ഭക്ഷ്യവിഷബാധ ഉണ്ടായി. ചിലർ ആശുപത്രിയിലുമായി. അതുകൊണ്ട് യഥാസമയം നിശ്ചയിക്കപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്താൻ കഴിഞ്ഞില്ല. അമൃതസർ, വാഗ അതിർത്തി ഉൾപ്പെടെ ആകർഷകമായ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഒഴിവാക്കപ്പെട്ടു. പണവും ആരോഗ്യവും നഷ്ടപ്പെട്ട യാത്രാസംഘത്തിന് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരവും കോടതി ചെലവും നൽകണമെന്ന് ആവശ്യപ്പെട്ടാണ് പരാതി സമർപ്പിച്ചത്.

യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്താനാണ് ബസ് വേഗത കുറച്ച് യാത്ര ചെയ്തതെന്ന് കമ്പനി വാദിച്ചു. എന്നാൽ ബസിന്റെ ഫിറ്റ്നസ് യാത്ര പുറപ്പെടുന്നതിനു മുൻപേ കഴിഞ്ഞിരുന്നുവെന്ന രേഖയും പരാതിക്കാരൻ കോടതി മുമ്പാകെ ഹാജരാക്കി. വാഗ്ദാനം ചെയ്തത് പോലെ നിലവാരമുള്ള ബസ് ഏർപ്പെടുത്തിയില്ല, പല ടൂറിസ്റ്റ് കേന്ദ്രങ്ങളും കാണാൻ കഴിഞ്ഞില്ല തുടങ്ങി പരാതിയിൽ പറഞ്ഞ പല കാര്യങ്ങളും ശരിയാണെന്ന് ബോധ്യപ്പെട്ടതായി കോടതി പറഞ്ഞു.

എതിർകക്ഷിയുടെ സേവനത്തിൽ ന്യൂനതയും ധാർമികമായ വ്യാപാര രീതിയും വ്യക്തമാണെന്ന് ഡി.ബി.ബിനു അധ്യക്ഷനും, വി.രാമചന്ദ്രൻ, ടി.എൻ.ശ്രീവിദ്യ അംഗങ്ങളുമായ ബെഞ്ച് നിരീക്ഷിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് 75,000 രൂപ നഷ്ടപരിഹാരവും 3000 രൂപ കോടതി ചെലവും 45 ദിവസത്തിനകം പരാതിക്കാർക്ക് നൽകാൻ ഉത്തരവായത്.

# എറണാകുളത്ത് ആരോഗ്യ മേഖലയിൽ 9.18 കോടിയുടെ 15 വികസന പദ്ധതികൾ

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ 100ദിന കർമ്മ പരിപാടിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ ആരോഗ്യ മേഖലയിൽ 15 പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 20ന്) ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും.

വൈപ്പിൻ, പറവൂർ, ആലുവ, പെരുമ്പാവൂർ, കുന്നത്തുനാട്, പിറവം നിയോജക മണ്ഡലങ്ങളിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 9.18 കോടി രൂപയുടെ വികസന പദ്ധതികളാണ് മന്ത്രി ഉദ്ഘാടനം ചെയ്യുക. അതത് മണ്ഡലങ്ങളിലെ എംഎൽഎമാർ ചടങ്ങിൽ അധ്യക്ഷത വഹിക്കും. രാവിലെ 9.30ന് മാലിപ്പുറത്ത് വൈപ്പിൻ മണ്ഡലത്തിലെ നാല് പദ്ധതികൾ ഉദ്ഘാടനം ചെയ്യും. മാലിപ്പുറം ജനകീയാരോഗ്യ കേന്ദ്രത്തിനായി 67 ലക്ഷം രൂപ വിനിയോഗിച്ച് നിർമിച്ച പുതിയ കെട്ടിടമാണ് ഉദ്ഘാടനം ചെയ്യുന്നത്. മുനമ്പം കുടുംബാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കൽ (35 ലക്ഷം), നായരമ്പലം കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രളയ പുന:നിർമാണ പ്രവർത്തനങ്ങൾ (53.60 ലക്ഷം), പുതുവൈപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ (15.50 ലക്ഷം) എന്നീ പദ്ധതികൾ ഓൺലൈനായും ഉദ്ഘാടനം ചെയ്യും. വൈപ്പിൻ മണ്ഡലത്തിൽ 1.71 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് മന്ത്രി ഉദ്ഘാടനം നിർവഹിക്കുന്നത്.പറവൂർ നിയോജക മണ്ഡലത്തിലെ 74 ലക്ഷം രൂപയുടെ രണ്ട് പദ്ധതികളാണ് ഉദ്ഘാടനം ചെയ്യുന്നത്. വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തെ 37 ലക്ഷം രൂപ ചെലവിൽ നവീകരിച്ച് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിക്കും. ഇവിടെ നിന്ന് എഴിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം ഓൺലൈനായും നിർവഹിക്കും.ആലുവ നിയോജക മണ്ഡലത്തിൽ ആലുവ ജില്ലാ ആശുപത്രിയിൽ ലക്ഷ്യ സ്റ്റാൻഡേർഡ്സിൽ 2.15 കോടി രൂപ ചെലവിൽ നിർമിച്ച ലേബർ റൂമിന്റേയും എമർജൻസി ഓപ്പറേഷൻ തീയേറ്ററിന്റേയും ഉദ്ഘാടനം മന്ത്രി നിർവഹിക്കും. ഇവിടെ നിന്നും ഓൺലൈനായി 55.50 ലക്ഷം വിനിയോഗിച്ച് നെടുമ്പാശേരി മള്ളുശേരിയിൽ നിർമിച്ച ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടവും ഉദ്ഘാടനം ചെയ്യും. ആലുവയിൽ 2.71 കോടി രൂപയുടെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്.

37.5 ലക്ഷം രൂപ വിനിയോഗിച്ച് വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെയും 15.5 ലക്ഷം രൂപ ചെലവഴിച്ച് അശമന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെയും ഉദ്ഘാടനമാണ് പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂരിൽ നടക്കുക. 53 ലക്ഷത്തിന്റെ വികസന പദ്ധതികളാണ് പെരുമ്പാവൂരിൽ ഉദ്ഘാടനം ചെയ്യുന്നത്. കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 77 ലക്ഷം രൂപ ചെലവഴിച്ച മൂന്ന് വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 35 ലക്ഷം രൂപ ഉപയോഗിച്ച് മലയിടംതുരുത്ത് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിക്കും. ഇവിടെ നിന്നും വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കും. 35 ലക്ഷം രൂപയാണ് ഈ സ്ഥാപനത്തിനായി ചെലവഴിച്ചത്. 7 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ച വാഴക്കുളം ജനകീയാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനവും നിർവഹിക്കും.പിറവം നിയോജക മണ്ഡലത്തിൽ രണ്ട് വികസന പദ്ധതികളാണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്. പിറവം താലൂക്ക് ആശുപത്രിയിൽ 2.35 കോടി രൂപ ചെലവഴിച്ച് നിർമിച്ച ഒപി ബ്ലോക്കിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിക്കും. 37.5 ലക്ഷം രൂപ വിനിയോഗിച്ച് കൂത്താട്ടുകുളം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഉദ്ഘാടനം ഓൺലൈനായി നടത്തും.



# സ്വാശ്രയത്വത്തിലേക്ക് ഒരുമിച്ച് വളരണം: കൊച്ചി മേയർ

**കൊച്ചി:** സാധാരണക്കാരുടെ ഒപ്പം നടന്നു കൊണ്ട് ഒരുമിച്ചു വളരുക എന്ന സന്ദേശം പ്രാവർത്തികമാക്കുന്ന സന്നദ്ധസംഘടനകൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കൊച്ചി മേയർ അഡ്വ. എം.അനിൽകുമാർ അഭിപ്രായപ്പെട്ടു. എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന ഏജൻസി സഹൃദയയുടെ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോ ക്രഡിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘം ആനിമേറ്റർമാരുടെ ഓണ സംഗമത്തിൽ 1000 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക സ്വയം പര്യാപ്തതയിലേക്ക് വനിതകളെ നയിക്കുന്ന പ്രവർത്തനങ്ങൾ നാടിന്റെ വികസനത്തിന്റെ അടിസ്ഥാന ഘടകമാണെന്നും അദ്ദേഹം പറഞ്ഞു. അതിരൂപതാ വികാരി ജനറൽ ഫാ.വർഗീസ് പൊട്ടയ്ക്കൽ അധ്യക്ഷനായിരുന്നു. പരസ്പരമുള്ള കരുതലും വിശ്വസ്തതയും വളർത്തുവാൻ ജെ.എൽ.ജി.കൾ സഹായകമാണെന്ന് അദ്ദേഹം പറഞ്ഞു. ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും സോണൽ ഹെഡുമായ രൺജി അലക്സ് മുഖ്യ പ്രഭാഷണം നടത്തി. കുറഞ്ഞ കാലയളവിനുള്ളിൽ ആയിരത്തിലധികം ജെ.എൽ.ജി.കൾ രൂപീകരിക്കുകയും 27 കോടിയിലധികം രൂപ സ്വയം തൊഴിൽ വായ്പയായി നൽകുകയും ചെയ്ത സഹൃദയയ്ക്ക് ഫെഡറൽ ബാങ്കിന്റെ ഉപഹാരം അദ്ദേഹം സമർപ്പിച്ചു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, നഗരസഭാ കൗൺസിലർ സക്കീർ തമ്മനം, ഫെഡറൽ ബാങ്ക് റീജിയണൽ ഹെഡ് ടി.എസ്.മോഹൻദാസ്, പാലാരിവട്ടം ബ്രാഞ്ച് മാനേജർ സ്നേഹ എം.നായർ, സഹൃദയ അസി.ജനറൽ മാനേജർ സുനിൽ സെബാസ്റ്റ്യൻ, വെസ്കോ ക്രഡിറ്റ് ജെ.എൽ.ജി ഡവലപ്മെന്റ് ഓഫീസർ സി.ജെ. പ്രവീൺ എന്നിവർ സംസാരിച്ചു. മികച്ച പ്രവർത്തനം കാഴ്ചവച്ച ബ്രാഞ്ച് മാനേജർമാർക്കും കോർഡിനേറ്റർമാർക്കുമുള്ള പുരസ്കാരങ്ങൾ യോഗത്തിൽ വിതരണം ചെയ്തു.

## യമനം നാടകസമാഹാരം പ്രകാശനം

**കൊച്ചി** : ഡോ. എച്ച്. സദാശിവൻ പിള്ളയുടെ നാടകങ്ങളുടെ സമാഹാരമായ യമനം പുസ്തകത്തിന്റെ പ്രകാശനം നാളെ വൈകിട്ട് 5.30ന് ചാവറ കൾച്ചറൽ സെന്റർ ലൈബ്രറി ഹാളിൽ വെച്ച് നടക്കും. നാടകകൃത്തും സംവിധായകനുമായ ടി.എം. എബ്രഹാം പുസ്തകം പ്രകാശനം ചെയ്യും. എഴുത്തുകാരനായ വൈക്കം മുരളി ആദ്യപ്രതി ഏറ്റുവാങ്ങി പുസ്തകപരിചയം നടത്തും. സാഹിത്യ വിമർശകനായ ആർ.എസ്. കുറുപ്പ്, ഗാനരചിതാവ് ജയകുമാർ കലൂർ, നാടകകൃത്തായ സി.പി. വേണു, കവി കെ. വി. പ്രദീപ് കുമാർ, നാടകകൃത്ത് കെ. പി. അപ്പച്ചൻ, ഡോ. എച്ച്. സദാശിവൻ പിള്ള തുടങ്ങിയവർ പങ്കെടുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. അറിയിച്ചു.

# ദേശീയ പോഷകാഹാര മാസാചരണ ക്യാമ്പയിൻ

**കൊച്ചി:** ദേശീയ പോഷകാഹാര മാസാചരണവുമായി ബന്ധപ്പെട്ട ക്യാമ്പയിനുമായി ദ ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ. ശരിയായ പോഷകാഹാരത്തിന്റെയും ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളുടെയും പ്രാധാന്യം ഊന്നിപ്പറയുന്നതിനാണ് സെപ്തംബർ 30 വരെ ദേശീയ പോഷകാഹാര മാസമായി ആഘോഷിക്കുന്നത്.

ബദാം, ധാന്യങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, പയർവർഗങ്ങൾ പോലുള്ളവയും, അപോഷക സാന്ദ്രമായ ഭക്ഷണങ്ങൾ അടങ്ങിയ സമീകൃതാഹാരവും പരിശീലിക്കുന്നത് ഒപ്റ്റിമൽ ആരോഗ്യം നേടുന്നതിന് അത്യന്താപേക്ഷിതമാണെന്ന് ക്യാമ്പയിൻ പറയുന്നു. വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ, സിങ്ക്, പൊട്ടാസ്യം, ഡയറ്ററി ഫൈബർ എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങൾ ബദാമിൽ അടങ്ങിയിട്ടുണ്ട്,

ഇവയെല്ലാം മൊത്തത്തിലുള്ള ശരീരത്തിന്റെ ക്ഷേമം നിലനിർത്താൻ സഹായിക്കുന്ന പോഷകഘടകങ്ങളാണെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു.



# ഓണാഘോഷം നടത്തി

**ആലുവ:** കേരള ജേർണലിസ്റ്റ്സ് യൂണിയൻ (കെ.ജെ.യു) ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഓണാഘോഷം കെ.ജെ.യു മുൻ സംസ്ഥാന പ്രസിഡന്റ് സി.വി. മിത്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് വി. ദിലീപ് കുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കെ.സി. സ്മിജൻ ഓണസന്ദേശം നൽകി. സംസ്ഥാന വൈസ് പ്രസിഡന്റ് എം.എം. ഷാജി, സംസ്ഥാന സോഷ്യൽ മീഡിയ കൺവീനർ ബോബൻ ബി. കിഴക്കേത്തറ, ജില്ലാ സെക്രട്ടറി ശശി പെരുമ്പടപ്പിൽ, സംസ്ഥാന സമിതി അംഗങ്ങളായ സുനീഷ് മണ്ണത്തൂർ, ശ്രീമൂലം മോഹൻദാസ്, ജില്ലാ ട്രഷറർ സജോ സക്കറിയ, ആലുവ മീഡിയ ക്ലബ് സെക്രട്ടറി എം.ജി. സുബിൻ, പ്രസിഡന്റ് ജോസി പി. ആൻഡ്രൂസ്, മേഖല സെക്രട്ടറി എം.പി. നിത്യൻ, പ്രസിഡന്റ് എസ്.എ. രാജൻ എന്നിവർ സംസാരിച്ചു. തുടർന്ന് വിവിധ കലാമത്സരങ്ങളും ഓണസദ്യയും നടന്നു.

# ഭക്ഷ്യസുരക്ഷാ വകുപ്പ് ഓണ വിപണിയിൽ നടത്തിയത് 3881 പരിശോധനകൾ

**തിരുവനന്തപുരം:** ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി 3881 പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 231 സ്‌ക്വാഡുകൾ പരിശോധനകൾക്ക് നേതൃത്വം നൽകി.

476 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും 385 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകി. തുടർപരിശോധനകൾക്കായി 752 സർവൈലൻസ് സാമ്പിളുകളും 135 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിച്ചു. പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും. ഗുരുതര വീഴ്ചകൾ കണ്ടെത്തിയ 108 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവെപ്പിച്ചതായും മന്ത്രി പറഞ്ഞു.

ഓണക്കാലത്ത് വിപണിയിൽ അധികമായെത്തുന്ന പാൽ, ഭക്ഷ്യ എണ്ണകൾ, പപ്പടം, പായസം മിശ്രിതം, ശർക്കര, നെയ്യ്, വിവിധ തരം ചിപ്സ്, പച്ചക്കറികൾ, ചായപ്പൊടി, പരിപ്പുവർഗങ്ങൾ, പഴങ്ങൾ, മത്സ്യം, മാംസം തുടങ്ങിയവയുടെ ഉത്പാദന വിതരണ വില്പന കേന്ദ്രങ്ങളിലും, ഹോട്ടൽ, ബേക്കറി, തട്ടുകടകൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവിടങ്ങളിലും ചെക്ക്‌പോസ്റ്റുകളിലും പരിശോധന നടത്തി. പായ്ക്കറ്റുകളിൽ നൽകുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ലേബൽ വിവരങ്ങളും പരിശോധിച്ചു.

ഓണക്കാലത്ത് അയൽസംസ്ഥാനങ്ങളിൽ നിന്നും അധികമായെത്തുന്ന പാൽ, എണ്ണ, പച്ചക്കറികൾ എന്നിവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി പഴുതടച്ച പരിശോധനകളാണ് ചെക്പോസ്റ്റുകളിൽ പൂർത്തിയാക്കിയത്.

സെപ്തംബർ 10 രാവിലെ ആറ് മുതൽ 14 രാവിലെ ആറ് വരെ 24 മണിക്കൂറും പരിശോധനകൾ നടത്തി. ഈ സമയം ഭക്ഷ്യവസ്തുക്കളുമായി കടന്നുവന്ന മുഴുവൻ വാഹനങ്ങളിലും പരിശോധനകൾ നടത്തി. 687 പരിശോധനകളാണ് പൂർത്തിയാക്കിയത്.

തുടർപരിശോധനകൾക്കായി പാൽ, പാലുൽപനങ്ങൾ എന്നിവയുടെ 751 സർവൈലൻസ് സാമ്പിളുകൾ ശേഖരിച്ചു.

കൂടാതെ ചെക്പോസ്റ്റുകൾ വഴി എത്തിയ ഭക്ഷ്യ എണ്ണ, പച്ചക്കറികൾ, പഴവർഗങ്ങൾ, മത്സ്യം, മാംസം എന്നിവയുടെ സാമ്പിളുകളും ശേഖരിച്ചു. 40 സ്‌ക്വാഡുകളാണ് പരിശോധനകൾക്കുണ്ടായിരുന്നത്.

വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സഹായത്തോടെയായിരുന്നു പരിശോധനകൾ. പാൽ, പാലുത്പന്നങ്ങൾ എന്നിവയുടെ പരിശോധനക്കായി ഇടുക്കിയിലെ കുമളി, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, വാളയാർ, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നിവിടങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സ്‌ക്വാഡിനെ നിയോഗിച്ചിരുന്നു.



# ഡെങ്കിപ്പനിയിൽ എച്ച്.എൽ.എച്ച് സിൻഡ്രോം പ്രതിഭാസം കണ്ടെത്തി കോലഞ്ചേരി മെഡിക്കൽ കോളജ്

**കോലഞ്ചേരി:** ഡെങ്കിപ്പനിയിൽ അപൂർവ്വ പ്രതിഭാസം കണ്ടെത്തി കോലഞ്ചേരി എം.ഒ.എസ്.സി. മെഡിക്കൽ കോളജ്. പലതരം അർബുദങ്ങളിൽ സ്ഥിതീകരിച്ചിട്ടുള്ള എച്ച്.എൽ.എച്ച് സിൻഡ്രോം എന്ന അപൂർവ്വ രോഗ പ്രതിഭാസമാണ് ഇവിടെ ചികിത്സക്കെത്തിയ രോഗിയിൽ നിർണ്ണയിച്ചത്. ഡെങ്കിപ്പനിയിൽ വളരെ അപൂർവ്വമായി കാണാറുള്ളൂവെന്നും തക്കസമയത്ത് രോഗനിർണ്ണയം നടത്തി ചികിത്സ ആരംഭിച്ചില്ലെങ്കിൽ മരണത്തിന് വരെ കാരണമാവുമെന്ന് ഹീമോഫാഗോസൈറ്റിക് ലിംഫോഹിസ്റ്റിയോസൈറ്റോസിസ് എന്ന അപൂർവ്വ രോഗം നിർണ്ണയിച്ച ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ. എബ്രഹാം ഇട്ടിയച്ചൻ അറിയിച്ചു.

പനിയും പേശിവേദനയുമായി ഒരാഴ്ചയോളം കഴിഞ്ഞ 20 വയസ്സുള്ള രോഗിയാണ് ചികിത്സ തേടി മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെട്ടത്. ഡെങ്കിപ്പനി സാധാരണ ഗതിയിൽ ഒരാഴ്ചയിൽ കൂടുതൽ നീണ്ടു നിൽക്കാറില്ല.

എന്നാൽ ഒരാഴ്ച കഴിഞ്ഞിട്ടും പനി കഠിനമായി തുടർന്നതിനാൽ കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കി. പല അവയവങ്ങളേയും ഒരേ സമയത്ത് ബാധിക്കുന്ന അതികഠിനമായ നീർക്കെട്ട് കണ്ടെത്തിയതോടെയാണ് തുടർ പരിശോധനകളിൽ എച്ച്.എൽ. എച്ച് സിൻഡ്രോം രോഗിയിൽ നിർണ്ണയിക്കപ്പെട്ടത്. തുടർന്ന് മജ്ജ ഉൾപ്പെടെയുള്ള മറ്റു കൂടുതൽ പരിശോധനകൾക്ക് വിധേയമാക്കിയാണ് ഈ അപൂർവ്വമായ രോഗം സ്ഥിതീകരിച്ചത്. തക്കസമയത്ത് ചികിത്സ ആരംഭിച്ചതിനാൽ അപകടനില തരണം ചെയ്ത് രോഗി സുഖം പ്രാപിച്ചുവരുന്നതായി ഡോ. എബ്രാഹാം ഇട്ടിയച്ചൻ അറിയിച്ചു.

ഈ രോഗാവസ്ഥയ്ക്ക് ആദ്യപടിയായി നൽകുന്ന മരുന്ന് പ്രതികരിച്ചില്ലെങ്കിൽ ഏകദേശം രണ്ടര ലക്ഷത്തോളം വിലവരുന്ന മരുന്നാണ് അടുത്ത ഘട്ടത്തിൽ നൽകേണ്ടിയിരുന്നത്. അതാകട്ടെ താങ്ങാവുന്നതിലും അപ്പുറവുമാണ്.

ആവശ്യം വരുന്ന പക്ഷം വിലയേറിയ മരുന്നായ ഇമ്യൂണോഗ്ലോബുൽ ലഭിക്കുവാൻ ആരോഗ്യവകുപ്പ് മന്ത്രിയും സഹായം ഉറപ്പും നൽകിയിരുന്നതായി ഡോ. സോജൻ ഐപ്പ്, പ്രൊഫ. പി.എ. തോമസ്, ലാൽ ജോണും പത്രസമ്മേളനത്തിൽ അറിയിച്ചു.

# പനയുൽപ്പന്ന വ്യാപാരത്തിന് ഭിന്നശേഷിക്കാർക്ക് ബങ്കുകൾ; പദ്ധതിയ്ക്ക് തുടക്കമായി

**തിരുവനന്തപുരം:** പനയുൽപ്പന്നങ്ങളുടെ വ്യാപാരത്തിന് ഭിന്നശേഷിക്കാർക്ക് ബങ്കുകൾ ഒരുക്കിനൽകുന്ന പദ്ധതിയ്ക്ക് തുടക്കമാകുകയാണെന്ന് മന്ത്രി ആർ ബിന്ദു പറഞ്ഞു. കേരള സംസ്ഥാന പനയുൽപ്പന്ന വികസന കോർപ്പറേഷനും (കെൽപാം) സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും തമ്മിൽ ഇതിനായുള്ള ധാരണാപത്രം ഒപ്പിട്ടതായി മന്ത്രി അറിയിച്ചു.

ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കെ. മൊയ്തീൻകുട്ടിയും കെൽപാം മാനേജിംഗ് ഡയറക്ടർ സതീഷ് കുമാറും മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പദ്ധതിയുടെ ധാരണാപത്രം പരസ്പരം കൈമാറി. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായാണ് പദ്ധതി.

വ്യവസായവകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനമായ കെൽപാമിന് പനയുൽപ്പന്നങ്ങളുടെ വിപണനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച സ്ഥലങ്ങളിലാണ് ബങ്കുകൾ സ്ഥാപിക്കുകയെന്ന് മന്ത്രി ഡോ. ബിന്ദു അറിയിച്ചു. ഭിന്നശേഷിക്കാരുടെ സാമ്പത്തിക പുനരധിവാസം ലക്ഷ്യമിട്ടാണ് ഈ പദ്ധതി ഒരുക്കുന്നത്. തിരഞ്ഞെടുത്ത ഭിന്നശേഷിക്കാർക്ക് ഇതിനായി ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ വായ്പ അനുവദിക്കും.

തിരുവനന്തപുരം നഗരസഭാ പരിധിയിലെ തിരഞ്ഞെടുക്കപ്പെടുന്ന പത്ത് ഭിന്നശേഷിക്കാരായ അപേക്ഷകർക്കാണ് ഒരു ലക്ഷം രൂപ വീതം വായ്പ അനുവദിച്ച് പദ്ധതിയ്ക്ക് തുടക്കം കുറിക്കുക. വായ്പാതുക ഉപയോഗിച്ച് ഗുണഭോക്താവ് ബങ്ക് നിർമ്മിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കാൻ കെൽപാമിന് കൈമാറും. കെൽപാം വേണ്ട സജ്ജീകരണമൊരുക്കി ഇത് തിരികെ ഗുണഭോക്താവിന് നിശ്ചിത വാടക നിരക്കിൽ അനുവദിക്കും. വായ്പാതുക പലിശയടക്കം തിരിച്ചടയ്ക്കേണ്ട ഉത്തരവാദിത്തം കെൽപാം വഹിക്കും.

അഞ്ചുവർഷ കാലാവധിക്കുള്ളിൽ വായ്പാ തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന് അർഹമായ സബ്സിഡി ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ അനുവദിക്കും. വായ്പാ കാലാവധി കഴിഞ്ഞും തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിന് ബങ്ക് നടത്തിക്കൊണ്ടുപോകാനാവും മന്ത്രി അറിയിച്ചു. കേരളത്തിലെമ്പാടും ഇത്തരം ബങ്കുകൾ ആരംഭിക്കാനും സാധ്യമായത്ര ഭിന്നശേഷിക്കാർക്ക് ഉപജീവനമാർഗ്ഗം ഒരുക്കി നൽകാനുമാണ് പദ്ധതി മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

ധാരണാപത്രം കൈമാറൽ ചടങ്ങിൽ കെൽപാം ചെയർമാൻ സുരേഷ് കുമാർ, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ ജയാ ഡാളി, മുൻ എംഡിയും സാമൂഹ്യനീതി വകുപ്പ് ജോ. സെക്രട്ടറിയുമായ ശ്രീ സൺദേവ്, ഫിനാൻസ് ഓഫീസർ ഷീജ, കെൽപാ‍ീ ഫിനാൻസ് ഓഫീസർ ശ്രീലേഖ എന്നിവരും സന്നിഹിതരായി.



# തെന്മല ഇക്കോ ടൂറിസം മ്യൂസിക്കൽ ഫൗണ്ടന് നവീകരണം; ട്രയൽ റൺ വിജയകരം

**തെന്മല:** തെന്മല ഇക്കോ ടൂറിസത്തിൽ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു. മ്യൂസിക്കൽ ഫൗണ്ടൻറെ നിർമാണ പ്രവർത്തികൾ അന്തിമഘട്ടത്തിൽ. 1.82 കോടി രൂപ ചെലവഴിച്ചാണ് അത്യാധുനിക സൗകര്യങ്ങളോടെ മ്യൂസിക്കൽ ഫൗണ്ടൻറെ നവീകരണ പ്രവർത്തികൾ പൂർത്തീകരിക്കുന്നത്. നവീകരണ പ്രവർത്തികളുടെ പുരോഗതി വിലയിരുത്താനുള്ള ട്രയൽ റൺ കഴിഞ്ഞ ദിവസം നടന്നു.

അരമണിക്കൂർ നീണ്ട ട്രയൽറൺ വിജയകരമായിരുന്നുവെന്ന് ഇക്കോ ടൂറിസം അധികൃതർ വ്യക്തമാക്കി. ഒന്നരമാസത്തിനുള്ളിൽ അവസാനഘട്ട പ്രവർത്തികൾ കൂടി പൂർത്തീകരിച്ച് വിനോദ സഞ്ചാരികൾക്കായി തുറന്നു നൽകാനുള്ള ഒരുക്കത്തിലാണ് ഉദ്യോഗസ്ഥർ.

സർക്കാരിൻറെ നൂറുദിന കർമ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇക്കോ ടൂറിസത്തിൻറെ വികസനത്തിനായി പുത്തൻ പദ്ധതി പ്രഖ്യാപിച്ചത്. തുടക്ക സമയത്ത് ഉണ്ടായിരുന്ന മ്യൂസിക്കൽ ഫൗണ്ടൻറെ പ്രവർത്തനം പൂർണമായും പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ളതായി മാറുന്നതോടെ വിനോദ സഞ്ചാരികൾക്ക് പുത്തൻ അനുഭവം സമ്മാനിക്കുമെന്ന പ്രതീഷയാണ് ടൂറിസം അധികൃതർക്കുള്ളത്.

പദ്ധതിയുടെ ഭാഗമായി സഞ്ചാരികൾക്ക് ഷോ കാണുന്നതിനുള്ള ഗാലറിയുടെ വൃത്തിയാക്കൽ, കവാടം, വാട്ടർ കർട്ടൻ എന്നിവയുടെ പ്രവർത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.




# നീരേറ്റുപുറം ജലമേള 22ന്; ഒരുക്കങ്ങൾ പൂർത്തിയായി

**എടത്വ:** തിരുവോണനാളിൽ നടത്താനിരുന്ന നീരേറ്റുപുറം ജലമേള 22 ലേക്കു മാറ്റിയതിനാൽ വള്ളങ്ങളുടെ രജിസ്ട്രേഷൻ ഇന്ന് വൈകുന്നേരം 5 വരെ നീട്ടിയതായി ഭാരവാഹികൾ അറിയിച്ചു. ജലമേളയുടെ ഒരുക്കങ്ങൾ എല്ലാം പൂർത്തിയായതായി ചെയർമാൻ റെജി ഏബ്രഹാം തൈക്കടവിൽ ജനറൽ സെക്രട്ടറി പ്രകാശ് പനവേലി എന്നിവർ അറിയിച്ചു.

22ന് ഉച്ചയ്ക്ക് 12ന് ആയിരം പേർക്ക് ഓണസദ്യ. രണ്ടിന് നിശ്ചല ദൃശ്യങ്ങൾ അണിനിരന്നുള്ള ജലഘോഷയാത്ര, മത്സരവള്ളങ്ങളെ അണിനിരത്തിയുള്ള മാസ്ട്രിൽ കാണികൾക്ക് കുളിർമയേകുന്ന രീതിയിൽ വാട്ടർ സ്റ്റേഡിയത്തിൽ അഭ്യാസ പ്രകടനങ്ങൾ നാടൻ കലാകാരന്മാരുടെ കലാവിരുന്നുകൾ എന്നിവ നടക്കും. ജലമേള മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.

മന്ത്രിമാരായ പി. പ്രസാദ്, വീണാ ജോർജ്, റോഷി അഗസ്റ്റിൻ, എംപിമാർ, എംഎൽഎമാർ സിനിമ ആർട്ടിസ്റ്റുകൾ, ത്രിതല പഞ്ചായത്ത് പ്രസിഡൻറുമാർ, ജനപ്രതിനിധികൾ, സാമൂഹ്യസാംസ്കാരിക മേഖലയിലെ പ്രമുഖർ പങ്കെടുക്കും. ഡിജിറ്റൽ സംവിധാനത്തോടുകൂടിയ ട്രാക്കും സ്റ്റാർട്ടിംഗും ഈ വർഷത്തെ പ്രത്യേകതയാണ്. 9 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെ വിവിധ വിഭാഗത്തിൽപ്പെട്ട 40 കളിവള്ളങ്ങൾ പങ്കെടുക്കും.

ആകർഷകമായ ബോണസും കാഷ് അവാർഡുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വള്ളംകളി കാണാൻ എത്തുന്നവർക്ക് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

ഇരുന്നു വള്ളംകളി ദർശിക്കുന്നതിനാവശ്യമായ പാസുകൾ നീരേറ്റുപുറം ഓഫിസിൽനിന്നും ലഭിക്കും.



# കർഷകൻ പ്രകൃതിക്ക് എതിരല്ല: മന്ത്രി പി. പ്രസാദ്

**പാറത്തോട്:** ഒരു കർഷകനും പ്രകൃതിയ്ക്കെതിരല്ലെന്ന് കൃഷി മന്ത്രി പി. പ്രസാദ്. പാറത്തോട് പഞ്ചായത്തിൽ നടപ്പാക്കിയ ചെറുമല പാലക്കത്തടം നീർത്തട പദ്ധതിയുടെ ആസ്തി കൈമാറ്റച്ചടങ്ങ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഈ നാട്ടിലെ ഒരു കർഷകനും മണ്ണിനെയോ മലകളെയോ വനങ്ങളെയോ തകർത്തിട്ടില്ല. കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയാണ്. കർഷകൻറെ സംരക്ഷണമെന്നത് സമൂഹത്തിൻറെയും സർക്കാരിൻറെയും ഉത്തരവാദിത്വമാണ്. അന്തസാർന്ന ജീവിതം നയിക്കാൻ കഴിഞ്ഞാലേ കർഷകർ ഈ മേഖലയിൽ പിടിച്ച് നിൽക്കൂവെന്നും മന്ത്രി പി. പ്രസാദ് പറഞ്ഞു.

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ പഴവർഗകൃഷിയ്ക്കായി ഒരു ക്ലസ്റ്റർ അനുവദിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാന മണ്ണ് പര്യവേക്ഷണമണ്ണ് സംരക്ഷണ വകുപ്പ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ ഉൾപ്പെടുത്തി നബാർഡിൻറെ ധനസഹായത്തോടെ പാറത്തോട് പഞ്ചായത്തിലെ ആറ്, ഏഴ്, എട്ട്, ഒന്പത്, 13, 14, 15 വാർഡുകളിലും മുണ്ടക്കയം പഞ്ചായത്തിലെ 17ാം വാർഡിൻറെ ഏതാനും ഭാഗങ്ങളിലുമായി 542 ഹെക്ടർ സ്ഥലത്താണ് ചെറുമല പാലയ്ക്കാത്തടം നീർത്തട പദ്ധതി പൂർത്തീകരിച്ചത്.

145.87 ലക്ഷം രൂപയുടെ ആസ്തി നിർമാണത്തിനൊപ്പം തദ്ദേശീയർക്കായി തൊഴിൽദിനങ്ങളും സൃഷ്ടിച്ചു. ഇനി ആസ്തിയുടെ സംരക്ഷണം പഞ്ചായത്തിനാണ്.

ചടങ്ങിൽ പാറത്തോട് പഞ്ചായത്ത് പ്രസിഡൻറ് കെ.കെ. ശശികുമാർ ആസ്തി കൈമാറ്റരേഖ മന്ത്രി പി. പ്രസാദിൽനിന്ന് ഏറ്റുവാങ്ങി.

സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗങ്ങളായ ശുഭേഷ് സുധാകരൻ, പി.ആർ. അനുപമ, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അജിത രജീഷ്, മുണ്ടക്കയം പഞ്ചായത്ത് പ്രസിഡൻറ് കെ.എം. രേഖാദാസ്, പാറത്തോട് പഞ്ചായത്ത് വൈസ് പ്രസിഡൻറ് സോഫി ജോസഫ്, മണ്ണ് സംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡി. ആനന്ദബോസ്, കൃഷിവകുപ്പ് ഡപ്യൂട്ടി ഡയറക്ടർ കെ.കെ. ബിന്ദു, മണ്ണ് പര്യവേഷണ അസിസ്റ്റൻറ് ഡയറക്ടർ ഇന്ദു ഭാസ്കർ, ചെറുമലപാലക്കത്തടം നീർത്തട പദ്ധതി കൺവീനർ പി.ഡി. രാധാകൃഷ്ണൻ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ പ്രസംഗിച്ചു.

ഉദ്ഘാടനത്തിനു മുന്നോടിയായി മണ്ണ് സംരക്ഷണത്തിൻറെ സന്ദേശവുമായി കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനിയറിംഗ് കോളജിലെ എൻഎസ്എസ് അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റും അരങ്ങേറി. ഉദ്ഘാടനത്തിനുശേഷം സംസ്ഥാന നീർത്ത വികസന പരിപാലന പരിശീലന കേന്ദ്രം കർഷകർക്കായി ഏകദിന പരിശീലനപരിപാടിയും സംഘടിപ്പിച്ചു.

# ഇടുക്കിയിൽ 2374.82 അടിവെള്ളം

**തൊടുപുഴ:** സംസ്ഥാനത്ത് മൺസൂൺ സീസൺ അവസാനിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ ഇടുക്കി അണക്കെട്ടിൽ 2374.82 അടിവെള്ളമാണ് നിലവിലുള്ളത്. ഇതു സംഭരണശേഷിയുടെ 69 ശതമാനമാണ്. ഇനി തുലാവർഷത്തിലാണ് പ്രതീക്ഷ. തുലാവർഷം ശക്തമായാൽ അണക്കെട്ടിൽ ജലനിരപ്പ് ഇനിയും ഉയരും. കഴിഞ്ഞ വർഷം ഇതേ ദിവസം 2335.44 അടിയായിരുന്നു ഇടുക്കിയിലെ ജലനിരപ്പ്. സംഭരണശേഷിയുടെ 34 ശതമാനം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നിലവിൽ 39.38 അടിവെള്ളം ഇത്തവണ കൂടുതലുണ്ട്. സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളിലുമായി 71 ശതമാനം വെള്ളവുമുണ്ട്.

കഴിഞ്ഞ വർഷം ഇതേ ദിവസം എല്ലാ അണക്കെട്ടുകളിലുമായി 44 ശതമാനം വെള്ളമാണുണ്ടായിരുന്നത്. ഇത്തവണ സാമാന്യം ഭേദപ്പെട്ട മഴ ലഭിച്ചതിനാൽ അണക്കെട്ടിലേക്ക് കൂടുതൽ വെള്ളം ഒഴുകിയെത്തിയത് വേനലിൽ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും. കഴിഞ്ഞ വേനലിൽ സംസ്ഥാനത്ത് ഉപഭോഗം റിക്കാർഡ് ഭേദിച്ചിരുന്നു. പുറത്തുനിന്നും അധിക വില നൽകിയാണ് വൈദ്യുതി എത്തിച്ചത്. ഇതു വൈദ്യുതി ബോർഡിന് കടുത്ത സാന്പത്തിക നഷ്ടത്തിന് കാരണമായിരുന്നു.

സംസ്ഥാനത്ത് മഴകുറഞ്ഞതോടെ പലയിടത്തും ചൂട് വർധിച്ചിട്ടുണ്ട്. ഇന്നലെ സംസ്ഥാനത്ത് 85.220 ദശലക്ഷം യൂണിറ്റായിരുന്നു വൈദ്യുതി ഉപഭോഗം. 32.790 ദശക്ഷം യൂണിറ്റ് ആഭ്യന്തരമായി ഉത്പാദിപ്പിച്ചപ്പോൾ 52.429 യൂണിറ്റ് പുറത്തുനിന്നും എത്തിച്ചു.

# വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ 6.81 കോടിയുടെ പദ്ധതികൾ

**കോതമംഗലം:** മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 6.81 കോടിയുടെ 11 പദ്ധതികൾ നടപ്പാക്കുമെന്ന് ആന്റണി ജോൺ എംഎൽഎ. വടാട്ടുപാറ പലവൻപടി മുതൽ ആനക്കയം വരെ നാല് കിലോമീറ്ററും ഇടമലയാർ ചെക്ക്പോസ്റ്റ് മുതൽ പലവൻപടി വരെ 2.5 കിലോ മീറ്ററും ഭൂഗർഭ കേബിൾ സ്ഥാപിക്കും.

ഇടമലയാർ സബ് സ്റ്റേഷൻ മുതൽ ചെക്ക് പോസ്റ്റ് വരെ 1.5 കിലോമീറ്റർ യുജി കേബിൾ വലിക്കുകയും ചെയ്യുന്നതോടെ കുട്ടമ്പുഴ ഭാഗത്തേക്ക് ഇടമലയാർ സബ് സ്റ്റേഷനിൽനിന്ന് ഒരു പുതിയ 11 കെവി ഫീഡർ ലഭിക്കുമെന്നും എംഎൽഎ അറിയിച്ചു.

ഇതുവഴി കോതമംഗലം സബ് സ്റ്റേഷനിൽ നിന്നുള്ള കീരംപാറ 11 കെവി ഫീഡർ കീരംപാറ ഭാഗത്തേക്ക് മാത്രമായി ഉപയോഗപ്പെടുത്തുവാൻ കഴിയും. പ്രദേശങ്ങളിലെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി മുടക്കം കുറക്കുന്നതിനും സഹായകരമാവുന്നതുമാണ്. വടാട്ടുപാറ അരീക്ക സിറ്റി ജംഗ്ഷൻ മുതൽ എടത്തിട്ടപ്പടി വരെ 2.5 കിലോമീറ്റർ എബിസി വലിക്കും.

കോട്ടപ്പടിയിൽ പേഴാട് മുതൽ കണ്ണക്കട വരെ 4.2 കിലോമീറ്റർ ഭൂഗർഭ കേബിൾ വലിക്കും. വിമലഗിരി മുതൽ ഗ്യാസ് എ.ബി വരെ 2.2 കിലോമീറ്റർ യുജി കേബിളും സ്ഥാപിക്കും.

കോതമംഗലം പോസ്റ്റ് ഓഫീസ് ജംഗ്ഷൻ മുതൽ മലനാട് വരെ 300 മീറ്റർ ദൂരം ഭൂഗർഭ കേബിൾ വലിക്കും, നേര്യമംഗലം ടൗൺ മുതൽ ഫാം എ.ബി വരെ 140 മീറ്റർ ഭൂഗർഭ കേബിളിടും. ഊന്നുകൽ തേൻകോട് എ.ബി മുതൽ തേങ്കോട് ട്രാൻസ്ഫോർമർ വരെ ഒരു കിലോമീറ്റർ എബിസി വലിക്കും, കരിമരുതുംചാൽ റീ കണ്ടക്ടറിംഗ് ജോലി, ഇരുമലപടി കനാൽ മുതൽ പാനിപ്രകാവ് ട്രാൻസ്ഫോർമർ വരെ 800 മീറ്റർ എബിസി വലിക്കുന്നതുമാണ് പദ്ധതിയിലുള്ളത്.

# അളഗപ്പനഗർ പഞ്ചായത്തിൽ 50 ഏക്കർ നെൽകൃഷി കരിഞ്ഞുണങ്ങുന്നു

**അളഗപ്പനഗർ:** പഞ്ചായത്തിലെ പൂക്കോട് വട്ടണാത്ര പച്ചളിപ്പുറം പാടശേഖരത്തിലെ ഏക്കർ കണക്കിന് നെൽകൃഷി കരിഞ്ഞുണങ്ങുന്നു. കതിരുവന്ന നെൽച്ചെടികൾ നശിക്കുന്നതിന്റെ കാരണമറിയാതെ ആശങ്കയിലായി കർഷകർ. 80ഓളം ഏക്കർവരുന്ന പാടശേഖരത്തിലെ 50 ഏക്കറിലേറെ നെൽകൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിവകുപ്പ് അധികൃതരുടെ നിർദേശപ്രകാരം എത്തിച്ച കുഞ്ഞുകുഞ്ഞ് നെൽവിത്താണ് കർഷകർ വിരിപ്പു കൃഷിക്കായി ഇറക്കിയത്. ഉദ്യോഗസ്ഥർ പറഞ്ഞ വളവും കീടനാശിനികളും കർഷകർ ഉപയോഗിച്ചിരുന്നു.



എന്നാൽ കതിരു വന്ന സമയത്താണ് നെൽച്ചെടികൾ ഉണങ്ങിത്തുടങ്ങിയത്. ചെടികളുടെ കടഭാഗം മുതൽ ചീഞ്ഞു തുടങ്ങിയ അവസ്ഥയായിരുന്നു. പിന്നീട് ഓലകൾ കരിഞ്ഞുതുടങ്ങി. കതിരുകൾ വിളയാത്ത സ്ഥിതിവന്നതോടെ കർഷകർ കൃഷിവകുപ്പ് അധികൃതരെ ബന്ധപ്പെട്ടെങ്കിലും ഇതിന്റെ കാരണം വ്യക്തമാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ലെന്ന് കർഷകർ പറയുന്നു.

വായ്പയെടുത്തും സ്വർണം പണയപ്പെടുത്തിയുമാണു പലകർഷകരും കൃഷിയിറക്കിയത്. ലക്ഷങ്ങളുടെ നഷ്ടമാണ് ഇതുമൂലം കർഷകർക്ക് ഉണ്ടായത്. ഏക്കർ കണക്കിനു വരുന്ന നെൽ കൃഷി നശിച്ചതോടെ കർഷകർ കടബാധ്യതയിലായി. നെൽച്ചെടികൾ വിളവെത്താതെ കരിഞ്ഞു ണങ്ങിയ പ്രതിഭാസം എന്താണെന്ന് കണ്ടെത്തണമെന്നും നശിച്ചുപോയ നെൽകൃഷിയുടെ നഷ്ടം അധികൃതർ നൽകണമെന്നും കർഷകർ ആവശ്യപ്പെട്ടു.

നെൽകൃഷി നശിച്ചുപോയതിന്റെ കാരണംകണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അടുത്ത തവണ കൃഷിയിറക്കാൻ തയാറല്ലെന്നാണു കർഷകർ പറയുന്നത്. കഴിഞ്ഞവർഷം സമീപത്തുള്ള കാവല്ലൂർ പാടശേഖരത്തിൽ ഇത്തരത്തിലുള്ള രോഗം ബാധിച്ച് കൃഷി നശിക്കുകയും തുടർന്ന് ഇതിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ പരിശോധിച്ച തിന്റെ ഫലം പുറത്തുവിടുന്നതിനോ കാരണം വ്യക്തമാക്കുന്നതിനോ അധികൃതർ ഇതുവരെ തയാറായിട്ടില്ലെന്ന് കർഷകർ പറയുന്നു.ജലലഭ്യതയുള്ള പാടത്ത് കൃത്യസമയത്ത് വളവും കീടനാശിനികളും ഉപയോഗിച്ച് രാപ്പകലില്ലാതെ ചെയ്ത കൃഷി കത്തിച്ചുകളയുകയല്ലാതെ മറ്റുമാർഗമില്ലെന്നാണു കർഷകർ പറയുന്നത്.

# താലൂക്ക് ആശുപത്രി: പുതിയ കെട്ടിടനിർമാണം അടുത്ത മാസം; ചെലവ് 10.60 കോടി

**ചാവക്കാട്:** ചേറ്റുവ രാമുകാര്യാട്ട് സ്മാരകത്തിന്റെയും ചാവക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം ഒക്ടോബർ ആദ്യവാരത്തിൽ നടത്താൻ തീരുമാനം.

10.60 കോടി രൂപയാണ് താലൂക്ക് ആശുപത്രി കെട്ടിടത്തിന്. മൂന്ന് കോടി രൂപ ചെലവിലാണ് രാമു കാര്യാട്ട് സ്മാരകം നിർമിക്കുന്നത്. ചാവക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ എൻ.കെ. അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന ഗുരുവായൂർ നിയോജക മണ്ഡലം പൊതു മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിലാണു തീരുമാനമായത്.

മണ്ഡല ത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ഇറിഗേഷൻ പദ്ധതികൾ, വാട്ടർ അതോറിറ്റി പദ്ധതികൾ, ഹാർബർ പ്രവൃത്തികൾ തുടങ്ങിയവയുടെ പുരോഗതി യോഗം വിലയിരുത്തി. ചാവക്കാട് കോടതി കെട്ടിട നിർമാണം ദ്രുതഗതിയിൽ നടക്കുന്നതായും ജനുവരിയിൽ നിർമാണം പൂർത്തീകരിക്കുമെന്നും സ്പെഷൽ ബിൽഡിംഗ് വിഭാഗം അസി.എക്സി. എൻജിനീയർ യോഗത്തെ അറിയിച്ചു.

പഞ്ചായത്ത് പ്രസിഡന്റുമാരായ ജാസ്മിൻ ഷഹീർ, ടി.വി. സുരേന്ദ്രൻ, വിജിത സന്തോഷ്, എൻജിനീയർമാരായ പി. രേഖ,എച്ച്.ജെ. നീലിമ, ലിസി ജോർജ്, ടി.എസ്. മിനി, കെ.എ. നവീൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# എംഎ കോളജ് പ്രിൻസിപ്പൽ മഞ്ജു കുര്യന് അന്തർദേശീയ അംഗീകാരം

**കോതമംഗലം:** അമേരിക്ക സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ തുടർച്ചയായ മൂന്നാം തവണയും ഇടംനേടി കോതമംഗലം മാർ അത്തനേഷ്യസ് കോളജ് പ്രിൻസിപ്പൽ മഞ്ജു കുര്യൻ. 2022, 2023 വർഷങ്ങളിലും മഞ്ജു ഇടംനേടിയിരുന്നു. 56712ൽ നിന്ന് 39595 എന്ന റാങ്ക് നില മെച്ചപ്പെടുത്തിയാണ് ഈ വർഷത്തെ നേട്ടം. പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് റാങ്ക് നേടിയത്.

മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന് രസതന്ത്രത്തിൽ ബിരുദാനന്തര ബിരുദവും, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽനിന്ന് പിഎച്ച്ഡിയും നേടിയ മഞ്ജു 2005ലാണ് മാർ അത്തനേഷ്യസ് കോളജിൽ അസിസ്റ്റന്റ് പ്രഫസറായി രസതന്ത്ര വിഭാഗത്തിൽ ജോലിയിൽ പ്രവേശിക്കുന്നത്. 2016ൽ അസോസിയേറ്റ് പ്രഫസറും, 2019ൽ പ്രഫസറുമായി. നാനോ മെറ്റീരിയൽസ്, കറ്റാലിസിസ് മേഖലയിൽ സുപ്രധാന സംഭാവനകൾ നൽകിയിട്ടുള്ള ഗവേഷകയും, ഒരു പേറ്റന്റിനുടമയുമാണ് മഞ്ജു കുര്യൻ.

നാനോ മെറ്റീരിയൽസിന്റെ ഉത്പാദനം, സംസ്കരണം, ഉപയോഗം എന്നിവ സംബന്ധിച്ച ഗവേഷണ പഠനങ്ങളിലാണ് മഞ്ജു ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. അഞ്ച് പുസ്തകങ്ങളിലെ പ്രബന്ധങ്ങൾ കൂടാതെ വിവിധ അന്തർദേശീയ ജേർണലുകളിലായി 63 ഗവേഷണ പ്രബന്ധങ്ങളും, മൂന്ന് പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോലഞ്ചേരി കാഞ്ഞിരവേലിയിൽ റിട്ട. അധ്യാപക ദമ്പതികളായ കെ.എം. കുര്യാച്ചൻ വി.കെ. സൂസൻ എന്നിവരുടെ മകളും കോതമംഗലം എംഎ എൻജിനീയറിംഗ് കോളജ് അധ്യാപകൻ പനിച്ചയം പാറപ്പാട്ട് ജിസ് പോളിന്റെ ഭാര്യയുമാണ്.

അഞ്ജലി, അലീന എന്നിവർ മക്കളാണ്. അന്തർ ദേശീയ അംഗീകാരം ലഭിച്ച മഞ്ജു കുര്യനെ കോളജ് അസോസിയേഷൻ സെക്രട്ടറി വിന്നി വർഗീസ്, അധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ എന്നിവർ അഭിനന്ദിച്ചു.



# തരിശിട്ടിരുന്ന നെൽപ്പാടങ്ങളിൽ ഇനി മുണ്ടകൻ വിളയും

**ഷൊർണൂർ:** പരുതൂരിൽ തരിശിട്ടിരുന്ന 125 ഏക്കറിൽ കൃഷിയിറക്കി കർഷകർ. പതിറ്റാണ്ടുകൾക്ക്ശേഷമാണ് മംഗലം, കോടനൂർ, തെക്കേക്കുന്ന് പ്രദേശത്തെ പാടശേഖരങ്ങളിൽ നെല്ലിന്റെ പച്ചപ്പണിയുന്നത്. മുണ്ടകൻ നെൽവിത്തിനമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. 1997 ൽ നിലച്ച വെള്ളിയാങ്കല്ല് ചെറുകിട ജലസേചനപദ്ധതി ഈയിടെ പുനരുജ്ജീവിപ്പിച്ചതാണ് വീണ്ടും കൃഷിയിറക്കാൻ കർഷകർക്ക് തുണയായത്.

ഇപ്പോൾ ആവശ്യത്തിന് ജലം കിട്ടിവരുന്നുണ്ടെങ്കിലും തുടർന്നുള്ള സമയങ്ങളിൽ ജലസേചനപദ്ധതിവഴി ജലസേചനം നടത്തേണ്ടിവരും. വെയിൽവന്നാൽ പെട്ടെന്ന് വെള്ളംവറ്റുന്ന പാടങ്ങളാണ് ഇവിടെയുള്ളത്. 60 കുതിരശക്തിയുള്ള രണ്ട് മോട്ടോറുകൾ പദ്ധതിക്കുണ്ട്. സ്ഥിരമായ പമ്പ് ഓപ്പറേറ്ററെ നിയമിക്കേണ്ടതും കൂടുതൽ കനാലുകൾകൂടി നിർമിക്കണമെന്നതും അത്യാവശ്യമാണെന്ന് കർഷകർ പറയുന്നു. നൂറോളം കർഷകരാണ് ഇവിടെയുള്ളത്.

ഭാരതപ്പുഴയിൽ പദ്ധതിയുടെ ഉറവിടഭാഗത്ത് ജലലഭ്യതയില്ലാത്തതിനാൽ 1997ലാണ് പദ്ധതി നിലച്ചത്. ഭാരതപ്പുഴയിൽ ജലസമൃദ്ധിയുള്ള വെള്ളിയാങ്കല്ല് ജലസംഭരണിയുടെ വൃഷ്ടിപ്രദേശത്തേക്ക് പദ്ധതിയുടെ പമ്പ്ഹൗസും മോട്ടോറുകളും മാറ്റിസ്ഥാപിച്ചാണ് പദ്ധതി വീണ്ടും പ്രവർത്തിപ്പിക്കാൻ വഴിയൊരുക്കിയത്. 1997 ൽ കമ്മീഷൻ ചെയ്ത ജലസേചനപദ്ധതി പിന്നീടുവന്ന വെള്ളിയാങ്കല്ല് ജലസംഭരണിയുടെയും പാലത്തിന്റെയും ഒന്നരകിലോമീറ്റർ താഴെയായിരുന്നു. ഭാരതപ്പുഴയിൽ വൻതോതിൽ നടന്ന മണലെടുപ്പും പുഴയുടെ ഒഴുക്ക് എതിർ ദിശയിലായതും പദ്ധതിയുടെ താളംതെറ്റിച്ചു.

# സുരക്ഷയിൽ ഇന്ത്യൻ സമുദ്രമേഖല നിർണ്ണായകം: കേന്ദ്രപ്രതിരോധ മന്ത്രി രാജ്‌നാഥ് സിംഗ്

**ന്യൂഡൽഹി:** ഇന്ത്യൻ മഹാസമുദ്രമേഖലയിലെ പ്രധാന സുരക്ഷാ പങ്കാളിയാണ് ഇന്ത്യയെന്ന് കേന്ദ്ര പ്രതിരോധമന്ത്രി രാജ്‌നാഥ് സിംഗ്.ന്യൂഡൽഹിയിൽ നടന്ന നേവൽ കമാൻഡേഴ്സ് കോൺഫറൻസ് 24'ന്റെ രണ്ടാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ നാവികസേന ഇന്ത്യൻ മഹാസമുദ്രത്തിൽ സമാധാനവും സമൃദ്ധിയും പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു.സാമ്പത്തിക, ഭൗമരാഷ്ട്രീയ, വ്യാപാര, സുരക്ഷാ വശങ്ങൾ കണക്കിലെടുക്കുമ്പോൾ ഇന്ത്യൻ സമുദ്രമേഖല വളരെ നിർണായകമാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്തോപസഫിക്കിലെ എല്ലാ പങ്കാളിത്ത രാജ്യങ്ങളുടെയും സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുഗമമായ ചരക്ക് നീക്കത്തിലും നമ്മുടെ നാവികസേന ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കടൽ കൊള്ള നേരിടുന്നതിനുള്ള ഇന്ത്യൻ നാവികസേനയുടെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ മാത്രമല്ല, ആഗോളതലത്തിലും അഭിനന്ദനം നേടുന്നു. ഈ മേഖലയിലാകെയുള്ള ഒരു പ്രധാന സുരക്ഷാ പങ്കാളിയായാണ് ഇന്ത്യയെ ഇപ്പോൾ മറ്റു രാജ്യങ്ങൾ കാണുന്നത്. ആവശ്യമുള്ളപ്പോഴെല്ലാം ഞങ്ങൾ മേഖലയിൽ സുരക്ഷ ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി രാജ്‌നാഥ് സിംഗ് പറഞ്ഞു.ഇന്തോപസഫിക് മേഖലയിൽ ഇന്ത്യൻ നാവികസേനയുടെ വർദ്ധിച്ചുവരുന്ന ശക്തി നിസ്സാരമായി കാണരുതെന്നും കാലാകാലങ്ങളിൽ ആത്മപരിശോധന തുടരാനും ഇന്നത്തെ അസ്ഥിരമായ ആഗോള സാഹചര്യത്തിൽ എല്ലാ സാഹചര്യങ്ങൾക്കും തയ്യാറാകാനും കമാൻഡർമാരോട് അദ്ദേഹം ആഹ്വാനം ചെയ്തു. സാമ്പത്തികം, വ്യാപാരം, ഗതാഗതം, ദേശീയ താൽപ്പര്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ശക്തമായ നാവിക ശേഷിയുടെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച 'ടെക് ഡെമോ'യിൽ കേന്ദ്രമന്ത്രി പങ്കെടുത്തു. നാവികസേനയുടെ പ്രീമിയർ സ്ഥാപനമായ വെപ്പൺസ് ആൻഡ് ഇലക്ട്രോണിക്സ് സിസ്റ്റംസ് എഞ്ചിനീയറിംഗ് എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെയുള്ള വിവിധ ഏജൻസികൾ, സ്വയംഭരണ സംവിധാനങ്ങൾ, ഡൊമെയ്ൻ അവബോധം, സോഫ്റ്റ്‌വെയർ ഡിഫൈൻഡ് റേഡിയോകൾ, മറ്റ് സാങ്കേതിക സംരംഭങ്ങൾ എന്നിവയുൾപ്പെടെ തദ്ദേശീയമായ സംവിധാനങ്ങൾ പ്രദർശിപ്പിച്ചു. സംയുക്ത സേന മേധാവി ജനറൽ അനിൽ ചൗഹാൻ, നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി, പ്രതിരോധ സെക്രട്ടറി ഗിരിധർ അരമാനെ, മുതിർന്ന സിവിൽസേനാ ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# അമൃത് ഭാരത് പദ്ധതിക്ക് ഒച്ചിഴയും വേഗം

**ഷൊർണൂർ:** അമൃത് ഭാരത് പദ്ധതി ഇഴയുന്നതായി പരാതി. പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ളവിതരണ പദ്ധതി ഒന്നാംഘട്ടം ഇനിയും പൂർത്തിയായിട്ടില്ല. രണ്ടുവർഷത്തോളമായുള്ള പദ്ധതിയാണിപ്പോഴും ഇഴയുന്നത്. പദ്ധതിയുടെ 95 ശതമാനം പ്രവൃത്തിയും പൂർത്തിയായെന്നാണ് ജല അതോറിറ്റി അധികൃതരുടെ വിശദീകരണം.

എന്നാൽ പല സ്ഥലങ്ങളിലും പൈപ്പിടൽ പ്രവൃത്തിപോലും പൂർത്തിയായിട്ടില്ലെന്നാണ് പരാതി. 12.15 കോടിരൂപ ചെലവഴിച്ച് നടപ്പാക്കുന്ന ഒന്നാംഘട്ട കുടിവെള്ളവിതരണ പദ്ധതിയാണിപ്പോഴും പൂർത്തിയാകാതെ കിടക്കുന്നത്. പലസ്ഥലങ്ങളിലും വീടുകളിലേക്ക് പൈപ്പുകളിട്ടുവെച്ചിട്ടുണ്ടെങ്കിലും കുടിവെള്ളമെത്തിയിട്ടില്ല. ചിലയിടങ്ങളിൽ പൈപ്പുകളും സ്ഥാപിച്ചിട്ടില്ലെന്നാണ് പരാതി. പൈപ്പിട്ട ഭാഗങ്ങളിൽ പൊട്ടി വെള്ളംപാഴാകുന്നതും വലിയ പരാതികൾക്കിടയാക്കിയിട്ടുണ്ട്. കടുത്തവേനലിൽപോലും വെള്ളം ലഭിക്കാത്ത അവസ്ഥയിലെത്താനും പൈപ്പ്പൊട്ടൽ കാരണമായി.



ഒന്നാംഘട്ടത്തിൽ 2,290 കണക്ഷൻ നൽകാനാണ് പദ്ധതി. ഇതിൽ ഭൂരിഭാഗംപേർക്കും പൈപ്പുകളെത്തിയെങ്കിലും വെള്ളം എത്തിയിട്ടില്ല.

മാത്രമല്ല പൈപ്പ് കണക്ഷൻ ലഭിച്ച് ആഴ്ചകൾക്കകം ബില്ലുകൾ വരുന്നതായുള്ള പരാതിയും ഉയർന്നിട്ടുണ്ട്. പൊതുപൈപ്പുകൾ എടുത്തുമാറ്റിയതോടെ വീടുകളിലേക്ക് നേരിട്ട് പൈപ്പെത്തിച്ച് കുടിവെള്ളം നൽകുകയാണ് രീതി. മൂന്ന് ഘട്ടങ്ങളിലായി കുടിവെള്ള വിതരണപദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യം. രണ്ടാംഘട്ടത്തിൽ 1,200 കണക്ഷൻ നൽകുന്ന പദ്ധതിക്കായി 7.99 കോടിയും മൂന്നാം ഘട്ടത്തിൽ 1,500 കണക്ഷൻ നൽകാനായി 11.5 കോടി രൂപയുടെ പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം പൂർത്തിയാകുന്നതോടെ മാത്രമേ രണ്ടുംമൂന്നും ഘട്ടങ്ങൾ ആരംഭിക്കാനാവൂ. മാത്രമല്ല രണ്ടും മൂന്നും ഘട്ടങ്ങളിലെ പദ്ധതിക്ക് അനുമതിയും ലഭിക്കേണ്ടതുണ്ടെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു.

# കോടിക്കണക്കിനു രൂപയുടെ മരങ്ങൾ നശിക്കുന്നു

**കൽപ്പറ്റ:** ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കോടിക്കണക്കിനു രൂപ വില വരുന്ന മരങ്ങൾ മഴയും വെയിലുമേറ്റും ചിതൽ പിടിച്ചും നശിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി എന്ന പേരിൽ പാതയോരങ്ങളിൽ മുറിച്ചിട്ടതും കാറ്റിലും മഴയിലും മറിഞ്ഞതുമായ മരങ്ങളാണ് നശിക്കുന്നത്. ഇതിൽ ഈട്ടി ഉൾപ്പെടെ വിലപിടിപ്പുള്ള ഇനം മരങ്ങളും ഉൾപ്പെടും.

പാതയോരങ്ങളിൽ മുറിച്ചിട്ട മരങ്ങൾ വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ചിലേടങ്ങളിൽ മരങ്ങൾ ഉപയോഗത്തിന് ആവശ്യമായ ക്രമത്തിൽ അളവുകൾ പാലിക്കാതെ തുണ്ടമാക്കിയാണ് മുറിച്ചത്. ഇതുമൂലം പൊതുഖജനാവിനു വൻ നഷ്ടമാണ് ഉണ്ടാകുന്നത്. തുണ്ടങ്ങളാക്കിയ മരങ്ങൾ സർക്കാർ ഡിപ്പോകളിലെത്തിച്ച് ലേലം ചെയ്യുന്പോൾ തുച്ഛ വിലയാണ് ലഭിക്കുക.

സർക്കാർ സംവിധാനങ്ങൾ ഉത്തരവാദിത്തം നിറവേറ്റാത്തതും വകുപ്പുകളുടെ ഏകോപനം ഇല്ലായ്മയും ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയുമാണ് മരങ്ങൾ ഇത്തരത്തിൽ നശിക്കുന്നതിനു കാരണമെന്ന് ടിന്പർ മർച്ചന്‍റ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി ആരോപിച്ചു.

മുറിച്ചിട്ട മരങ്ങൾ അടിയന്തരമായി ഡിപ്പോകളിൽ എത്തിക്കണമെന്ന് ആവശ്യപ്പെട്ടു. പട്ടയഭൂമികളിലെ മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനും നിലവിലെ നിയമം പാലിക്കാൻ വനം വകുപ്പിലെ ചില ഉദ്യോഗസ്ഥർ തയാറാകുന്നില്ലെന്നു യോഗം കുറ്റപ്പെടുത്തി.

പ്രസിഡന്‍റ് ജയിംസ് ഇമ്മാനുവൽ അധ്യക്ഷത വഹിച്ചു. കെ.സി.കെ. തങ്ങൾ, വി.ജെ. ജോസ്, ജാബിർ കരണി, കെ.പി. ബെന്നി, ആർ. വിഷ്ണു, ബി. പ്രസാദ് എന്നിവർ പ്രസംഗിച്ചു.

# സമന്വയം പദ്ധതിക്കു തുടക്കമായി; ജില്ലയിൽ 627 യുവജനങ്ങൾ രജിസ്റ്റർ ചെയ്തു

**കൽപ്പറ്റ:** ന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും നൈപുണി വികസനത്തിനും കേരള ഇക്കോണമി മിഷനും സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും സംയുക്തമായി നടപ്പാക്കുന്ന സമന്വയം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ നിർവഹിച്ചു.

പദ്ധതിയുടെ ഭാഗമായി നടത്തുന്ന തൊഴിൽ രജിസ്ട്രേഷൻ ക്യാന്പ് മാതൃകാപരമാണെന്ന് അവർ പറഞ്ഞു. അഭ്യസ്തവിദ്യർക്ക് തൊഴിലും ജീവനോപാധിയും നൽകാനുതകുന്നതാണ് ക്യാന്പ്. ജോലിയിൽ ഒതുങ്ങിനിൽക്കാതെ പുത്തൻ ആശയങ്ങളും സാധ്യതകളും യുവജനങ്ങൾ സ്വായത്തമാക്കണമെന്നും കളക്ടർ പറഞ്ഞു.

ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ. എ.എ. റഷീദ് അധ്യക്ഷത വഹിച്ചു. അവസര സമത്വവും വിദഗ്ധ പരിശീലനവും പിന്തുണയും ലഭ്യമാക്കുകയും നവ തൊഴിൽ സാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള പരിശീലനം നൽകുകയുമാണ് സമന്വയം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നു അദ്ദേഹം പറഞ്ഞു. ഡിസംബറോടെ ഒരു ലക്ഷം പേരുടെ തൊഴിൽ രജിസ്ട്രേഷൻ പൂർത്തിയാക്കും.

രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർഥികൾക്ക് യോഗ്യതയനുസരിച്ച് ജോലി ലഭിക്കുന്നതിന് അവസരമൊരുക്കുമെന്നും കമ്മീഷൻ ചെയർമാൻ പറഞ്ഞു.

എഡിഎം കെ. ദേവകി, ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങളായ പി. റോസ, എ. സൈഫുദ്ധീൻ ഹാജി, കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകല, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി. റഷീദ് ബാബു, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ പി.കെ. ബാലസുബ്രഹ്മണ്യൻ,

കേരള നോളജ് ഇക്കോണമി മിഷൻ റീജിയണൽ പ്രോജക്ട് മാനേജർ ഡയാന തങ്കച്ചൻ, കേരള മുസ്‌ലിം ജമാഅത്ത് പ്രസിഡന്‍റ് കെ.ഒ. അഹമ്മദുകുട്ടി ബാഖവി, കഎൻഎം പ്രതിനിധി സയ്യിദ് അലി സ്വലാഹി, കെഎൽസി പ്രതിനിധി തോമസ് ചെമ്മനം, ഡബ്ല്യുഎംഒ പ്രസിഡന്‍റ് കാദർ പട്ടാന്പി, വയനാട് ജൈന സമാജം ഡയറക്ടർ രാജേഷ്, പ്രസിഡന്‍റ് നേമി രാജ്, കെ.കെ. മുഹമ്മദലി ഫൈസി,ഐപിഎഫ് ഡയറക്ടർ ഡോ. ഇർഷാദ്, കൽപ്പറ്റ ദാറുൽ ഫലാഹ് ജനറൽ സെക്രട്ടറി കെ.കെ. മുഹമ്മദലി ഫൈസി, കെകെഎം സ്റ്റേറ്റ് നോഡൽ ഓഫീസർ സനീഷ് കുമാർ, ജൈന സമാജം ഡയറക്ടർ മഹേന്ദ്രകുമാർ,മാനന്തവാടി സെന്‍റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ്, മാനന്തവാടി രൂപത മൈനോരിറ്റി സെൽ വൈസ് പ്രസിഡന്‍റ് സെബാസ്റ്റ്യൻ പാലംപറന്പിൽ, യൂസഫ് ചെന്പൻ എന്നിവർ പ്രസംഗിച്ചു. നോളജ് എക്കോണമി മിഷൻ ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ മാനേജർ പി.കെ. പ്രജിത്ത്, പ്രോഗ്രാം മാനേജർ ധന്യ പവിത്രൻ എന്നിവർ ക്ലാസെടുത്തു.

തൊഴിൽ ക്യാന്പിൽ മുസ്‌ലിം, ക്രിസ്ത്യൻ, ജൈന വിഭാഗങ്ങളിലെ 627 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തു. ഇവരെ പരിശീലനത്തിലൂടെ തൊഴിൽ സജ്ജരാക്കും. തുടർന്ന് വിവിധ തൊഴിലുകളിൽ എത്തിക്കും.നോളജ് ഇക്കോണമി മിഷന്‍റെ ഡിഡബ്ല്യുഎംഎസ് പ്ലാറ്റ്ഫോമിൽ നിലവിൽ വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി 300ൽ അധികം തൊഴിലവസരങ്ങൾ ലഭ്യമാണ്. സ്വകാര്യ തൊഴിൽ ദാതാക്കളുമായി കൈകോർത്ത് ജില്ലാ, സംസ്ഥാനതലം, സംസ്ഥാനത്തിന് പുറത്ത് എന്നിങ്ങനെ മേഖലകൾ തരംതിരിച്ചാണ് തൊഴിലവസരങ്ങൾ ഒരുക്കുക.

# സംസ്ഥാന ചെസ് ചാമ്പ്യൻഷിപ്പ്: എട്ടു പേർ യോഗ്യത നേടി

**കൽപ്പറ്റ:** ഒക്ടോബർ ഒന്ന്, രണ്ട് തീയതികളിൽ ബത്തേരി ഹോട്ടൽ റീജൻസിയിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് ജില്ലയിൽനിന്നു ഓപ്പൺ, ഗേൾസ് വിഭാഗങ്ങളിൽ എട്ടു പേർ യോഗ്യത നേടി.

ഓപ്പൺ വിഭാഗത്തിൽ എം.എസ്. അനുരാഗ്, കെ. അലീഫ്, അനന്തനാരായണൻ, വി. ഷാഹുൽ ഹമീദ്, ഗേൾസ് വിഭാഗത്തിൽ എം.എസ്. അനുഷ, ദിയ ബിജോയ്, പി. പാർവണ, ഇതൾ സൂസൺ എൽദോസ് എന്നിവരാണ് യോഗ്യത നേടിയത്. മീനങ്ങാടി ജിഎച്ച്എസ്എസിൽ നടന്ന ജില്ലാ സബ് ജൂണിയർ ചെസ് ചാമ്പ്യൻഷിപ്പിൽ മത്സരിച്ചാണ് ഇവർ സംസ്ഥാനതല മത്സരത്തിനു യോഗ്യത നേടിയത്. ജില്ലാ ചാമ്പ്യൻഷിപ്പിൽ ഓപ്പൺ വിഭാഗത്തിൽ എം.എസ്. അനുരാഗും ഗേൾസ് വിഭാഗത്തിൽ എം.എസ്. അനുഷയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

വിമുക്തി ജില്ലാ മാനേജർ എ.ജെ. ഷാജി ഉദ്ഘാടനം ചെയ്തു. മീനങ്ങാടി ജിഎച്ച്എസ്എസ് പ്രിൻസിപ്പൽ ഷിവി കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. സമാപന യോഗം മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്‍റ് കെ.ഇ. വിനയൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ചെസ് അക്കാദമി പ്രസിഡന്‍റ് പി.എസ്. വിനീഷ് അധ്യക്ഷത വഹിച്ചു. വിമുക്തി മാനേജർ എ.ജെ. ഷാജി, ടിപ്പ് ടോപ്പ് ഫർണിച്ചർ ഉടമ ബിജു എന്നിവർ സമ്മാനവിതരണം നടത്തി.

പ്രസംഗിച്ചു.

## വുമൺസ് വെയർ കളക്ഷൻ അവതരിപ്പിച്ച് റോയൽ എൻഫീൽഡ്

**കൊച്ചി** :മിഡ്സൈസ് മോട്ടോർസൈക്കിൾ വിഭാഗത്തിലെ ആഗോള നേതാക്കളായ റോയൽ എൻഫീൽഡ്, സ്ത്രീകൾക്ക് മാത്രമായി പുതിയ ലൈഫ്സ്റ്റൈൽ അപ്പാരലുകളും റൈഡിംഗ് ഗിയറും പുറത്തിറക്കുന്നു. സഞ്ചാരങ്ങൾ ആഗ്രഹിക്കുന്ന വനിതകൾക്ക് ഏറെ പ്രയോജനകരമാകുമെന്നാണ് വിലയിരുത്തപ്പെടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സ്റ്റൈൽ, കംഫർട്ട്, സംരക്ഷണം എന്നിവയ്ക്ക് മുൻതൂക്കം നൽകി എല്ലാ റൈഡിംഗ് മൂഡുകൾക്കും അനുയോജ്യമായ രീതിയിലാണ് പ്രീമിയം ഗിയറുകളും വസ്ത്രങ്ങളും രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## കേരള ബ്ലാസ്റ്റേഴ്സുമായി കൈകോർത്ത് കള്ളിയത്ത് ടിഎംടി

**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗ് 2024-25 സീസണിലും കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ അസോസിയേറ്റ് സ്പോൺസറായി കള്ളിയത്ത് ടിഎംടി. ഏഴാം തവണയും അസോസിയേറ്റ് സ്പോൺസറെന്ന നിലയിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയെ പിന്തുണയ്ക്കുന്നതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് കള്ളിയത്ത് ടിഎംടി എക്സിക്യൂട്ടീവ് ഡയറക്ടർ ദിർഷ കെ മൊഹമ്മദ് പറഞ്ഞു. ഫുട്ബോൾ കളിക്കുന്നതിലൂടെ ഓരോ വ്യക്തിയുടേയും ആന്തരിക ശക്തി പുറത്തെടുക്കുവാൻ സഹായിക്കുമെന്നും, എല്ലാ ഫുട്ബോൾ കളിക്കാർക്കും അവരുടെ ശക്തിയും കഴിവും പ്രകടിപ്പിക്കാനുള്ള മികച്ച വേദിയാണ് ഐഎസ്എൽ എന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഫുട്ബോളിന്റെ മാന്ത്രിക അനുഭവിച്ചറിയുന്നതിനായി ഈ സീസണിൽ കേരള ബ്ലാസ്റ്റേഴ്സിനെ പിന്തുണയ്ക്കുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്നും ദിർഷ കെ മൊഹമ്മദ് പറഞ്ഞു. കേരള ബ്ലാസ്റ്റേഴ്സിനൊപ്പം ഏറ്റവും കൂടുതൽ കാലം പങ്കാളിത്തവുമുള്ള കള്ളിയത്ത് ടിഎംടിയെ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി വീണ്ടും സ്വാഗതം ചെയ്യുന്നുവെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി ഡയറക്ടർ നിഖിൽ ബി നിമ്മഗദ്ദ പറഞ്ഞു.

## ബിഗ് ബില്യൺ ഡെയ്സുമായി ക്ലിയർ ട്രിപ്പ്

**കൊച്ചി:** ബിഗ് ബില്യൺ ഡെയ്സിനൊപ്പം ഇയർ എൻഡ് ട്രാവൽ സെയിൽ പ്രഖ്യാപിച്ച് ഫ്ളിപ്കാർട്ടിന് കീഴിലുള്ള സ്ഥാപനമായ ക്ലിയർട്രിപ്പ്. സെപ്തംബർ 26 മുതൽ ഒക്ടോബർ 6 വരെയുള്ള ഈ ഓഫർ കാലയളവിൽ ഫ്ളൈറ്റുകൾ, ഹോട്ടലുകൾ, ബസുകൾ, ഹോളിഡേ പാക്കേജുകൾ തുടങ്ങിയവയുടെ നിരക്കുകളിൽ കിടിലൻ ഇളവുകൾ ഉപഭോക്താക്കൾക്ക് സ്വന്തമാക്കാം. മടുപ്പിക്കുന്ന ദിനചര്യകളിൽ നിന്നും ജോലിത്തിരക്കുകളിൽ നിന്നും മാറി ഒരു വെക്കേഷൻ ആഗ്രഹിക്കുന്നവർക്ക് അതിന് തിരഞ്ഞെടുക്കാവുന്ന ഏറ്റവും അനുയോജ്യമായ സമയമാണിതെന്ന് ക്ലിയർ ട്രിപ്പ് ക്ലിയർട്രിപ്പ് ചീഫ് ബിസിനസ് ആൻഡ് ഗ്രോത്ത് ഓഫീസർ അനുജ് റതി പറഞ്ഞു.ഇന്ത്യൻ ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പുകളിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഞങ്ങൾ മനസ്സിലാക്കുന്നു. യാത്രകൾ ഇതിൽ പ്രധാനപ്പെട്ട ഒന്നാണ്. എയർലൈനുകൾ, ഹോട്ടലുകൾ, പ്രധാന ട്രാവൽ പാർട്ണേഴ്സ്, തുടങ്ങിയ കാര്യങ്ങളെ ഒറ്റ പ്ലാറ്റ്ഫോമിലേക്ക് സംയോജിപ്പിച്ചുകൊണ്ട് ക്ലിയർട്രിപ്പിലൂടെ യാത്രയെ കൂടുതൽ ജനാധിപത്യവത്ക്കരിക്കുകയാണ് ഞങ്ങളെന്നും അനുജ് റതി പറഞ്ഞു.

## ഹോണ്ട കാർസ് ഇന്ത്യ തത്സമയ സംവേദനാത്മക ഉപഭോക്തൃ പ്ലാറ്റ്ഫോം അവതരിപ്പിച്ചു

**ന്യൂഡൽഹി:** മുൻനിര പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ) പുതിയ ഡയറക്ട് കണക്ട് ഇന്റർഫേസ് അവതരിപ്പിച്ചുകൊണ്ട് ഹോണ്ട എലിവേറ്റിനായി അവതരിപ്പിച്ച വെർച്വൽ ഷോറൂം മെച്ചപ്പെടുത്തുന്നതായി പ്രഖ്യാപിച്ചു. എലിവേറ്റിനായി അവതരിപ്പിച്ച ഈ ഫീച്ചർ മറ്റ് മോഡലുകളിലേക്കും വ്യാപിപ്പിക്കും. മികച്ച ഉപയോക്തൃ അനുഭവം നൽകുന്നതിന് തത്സമയ ക്ലൗഡ് വിഷ്വലൈസർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഈ പ്ലാറ്റ്ഫോം പ്രവർത്തിക്കുന്നതെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് ആന്റ് സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു, ഉപഭോക്താക്കൾക്ക് കാർ വാങ്ങൽ ഘട്ടങ്ങൾക്കിടയിൽ ഹോണ്ട കാറുകൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള തടസ്സങ്ങളില്ലാത്ത, തത്സമയ സംവേദനാത്മക അനുഭവം പ്രദാനം ചെയ്യുന്ന ഒരു ഡയറക്ട് കണക്ട് കസ്റ്റമർ പ്ലാറ്റ്ഫോമാണിത്. ഈ പ്ലാറ്റ്ഫോം ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് കാറിന്റെ സവിശേഷതകൾ വിശദീകരിക്കുകയും യോജിച്ച വേരിയന്റ് കണ്ടെത്താൻ സഹായിക്കുകയും ആക്സസറികൾ തെരഞ്ഞെടുക്കാൻ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്ന ഒരു വിദഗ്ദ്ധനുമായി തത്സമയം സംവദിക്കാൻ കഴിയുമെന്നും കുനാൽ ബെൽ പറഞ്ഞു.

# ഓണം വിപണി: കുടുംബശ്രീക്ക് മൂന്നുകോടി വിറ്റുവരവ്

**തൃശൂർ:** ഓണവിപണിയിൽ മൂന്നു കോടിയിലേറെ വിറ്റുവരവുനേടി തൃശൂർ കുടുംബശ്രീ.

ജില്ലയിലെ എല്ലാ സിഡിഎസുകളിലുമായി നടന്ന വിപണനത്തിൽ മികച്ച നേട്ടമാണു കൈവരിച്ചത്. ജില്ലാതലത്തിൽ കളക്ടറേറ്റ് അങ്കണത്തിലും നടത്തറ സിഡിഎസിലും കുടുംബശ്രീ ബസാറിലുമടക്കം 186 ഓണം വിപണനമേളകൾ നടത്തി.

കുടുംബശ്രീയുടെ ബ്രാൻഡഡ് ഉത്പന്നമായ ഫ്രഷ് ബൈറ്റ്സിന്റെ ശർക്കരവരട്ടിയും കായ വറുത്തതും ബ്രാൻഡഡ് കറി പൗഡറുകളും അടക്കം വിപണിയിൽ ശ്രദ്ധേയമായി.

ഓണക്കനിയും നിറപ്പൊലിമയുമായി 2333.03 ഏക്കറിൽ കൃഷിചെയ്ത വിവിധയിനം പച്ചക്കറികളും പൂകൃഷികളും നിറപ്പകിട്ടേകി.

3230 ചെറുകിടസംരംഭങ്ങളും 1951 ജെഎൽജികളും ചേർന്നുനടത്തിയ വില്പനയിൽ 3,28,76,430 രൂപയാണു ലഭിച്ചത്. വരുംകാലങ്ങളിൽ പൂവ്, പച്ചക്കറികൃഷികളിൽ മികച്ച നേട്ടം കൈവരിക്കാൻ ജില്ലയിൽ കൃഷികൾ വ്യാപിപ്പിക്കും.

ഫ്രഷ് ബൈറ്റ്സും കറി പൗഡറുകളും പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ തുടങ്ങിയെന്നു ജില്ലാ മിഷൻ കോഓർഡിനേറ്റർ ഡോ. യു. സലിൽ അറിയിച്ചു.



# ഒമാനിൽ പുതിയ ഹൈപ്പർ മാർക്കറ്റ് തുറന്ന് ലുലു ഗ്രൂപ്പ്

**മസ്കത്ത്:** ഒമാനിലെ ഹൈപ്പർ മാർക്കറ്റ് ശൃംഖല കൂടുതൽ വിപുലീകരിച്ച് ലുലു ഗ്രൂപ്പ്. ഒമാൻ അൽ മുധൈബിയിലാണ് രാജ്യത്തെ 31മത്തെ ഹൈപ്പർ മാർക്കറ്റ് അൽ മുധൈബി ഗവർണർ ശൈഖ് സൗദ് ബിൻ മുഹമ്മദ് ബിൻ സൗദ് അൽ ഹിനായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്തത്.40,000 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള ഹൈപ്പർ മാർക്കറ്റിൽ ഗ്രോസറി, ഫ്രഷ് പഴംപച്ചക്കറി, സൗന്ദര്യ വർധക ഉൽപന്നങ്ങൾ, ഇലക്ട്രോണിക്സ്, ഐ.ടി, സ്റ്റേഷനി തുടങ്ങിയ ഉൽപന്നങ്ങളുടെ വലിയ ശ്രേണി തന്നെ ഉപഭോക്താക്കൾക്കായി ലുലു ഒരുക്കിയിട്ടുണ്ട്.ഒമാനിൽ പുതിയ ഹൈപ്പർ മാർക്കറ്റ് തുറക്കാൻ സാധിച്ചതിൽ ലുലു ഗ്രൂപ്പിന് സന്തോഷമുണ്ടെന്നും ഇതിനവസരം നൽകിയ ഒമാൻ ഭരണകൂടത്തിന് നന്ദി അറിയിക്കുന്നതായും ലുലു ഗ്രൂപ്പ് ചെയർമാൻ യൂസഫലി പറഞ്ഞു. നഗരകേന്ദ്രങ്ങളിൽ മാത്രമല്ല നഗരപ്രാന്തപ്രദേശങ്ങളിലും മറ്റു പട്ടങ്ങളിലും ലുലു ഗ്രൂപ്പ് സാന്നിധ്യം വർധിപ്പിക്കുകയാണെന്നും ലോകോത്തര ഷോപ്പിംഗ് അനുഭവം കൂടുതൽ ഒമാൻ പ്രദേശങ്ങളിൽ ഉറപ്പാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.'രണ്ടു വർഷത്തിനുള്ളിൽ നാല് പുതിയ ഹൈപ്പർമാർക്കറ്റുകൾ കൂടി ലുലു ഒമാനിൽ തുറക്കുമെന്നും, ഇതിലൂടെ സ്വദേശി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

ഇതുകൂടാതെ, അടുത്ത വർഷത്തോടെ വരാനിരിക്കുന്ന ഖാസെൻ ഇക്കണോമിക് സിറ്റിയിൽ പഴങ്ങൾക്കും പച്ചക്കറികൾക്കുമുള്ള അത്യാധുനിക സംഭരണവിൽപന കേന്ദ്രം സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ അൽ മുധൈബി ഗവർണർ ഒമാനിലെ സുറിൽ നിർമ്മിച്ച ബോട്ടിന്റെ മാതൃക യൂസഫലിക്ക് സമ്മാനിച്ചു. ഒമാനിലെ പ്രമുഖ തുറമുഖ പട്ടണമായ സുറിന് പാരമ്പര്യ ബോട്ട് നിർമ്മാണത്തിൽ പ്രമുഖമായ സ്ഥാനമാണുള്ളത്. ലുലു ഒമാൻ ഡയറക്ടർ അനന്ത് എ.വി, ഷബീർ കെ.എ, ലുലു ഒമാൻ റീജണൽ ഡയറക്ടർ ഷബീർ കെ.എ. മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ലോഞ്ച് പാഡ് സംരംഭകത്വ വർക്ഷോപ്പ്

**കൊച്ചി:** പുതിയ സംരംഭം തുടങ്ങാൻ താത്പര്യപ്പെടുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് അഞ്ച് ദിവസത്തെ വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. സംരംഭകൻ/ സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് സെപ്തംബർ 24 മുതൽ 28 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിൽ നടക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം. പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആന്റ് മാർക്കറ്റിങ്, ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവിശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകളാണ് ഉൾപെടുത്തിയിരിക്കുന്നത്. താത്പര്യമുള്ളവർ http://kied.infot/rain-ingcalender/ വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി സെപ്തംബർ 22ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9188922800.



# നാച്ചുറൽ ഫാമിംഗിന് ഊന്നൽ നൽകണം: കേന്ദ്രസഹമന്ത്രി രാം നാഥ് താക്കൂർ

**ബംഗളൂരു:** മണ്ണിന്റെ ഫലഭൂയിഷ്ഠത പരിപോഷിപ്പിച്ച് കാർഷിക മേഖലയുടെ ഉന്നമനത്തിനായി ശ്രദ്ധ കേന്ദ്രീകരിച്ച് നാച്ചുറൽ ഫാമിംഗിന് കൂടുതൽ ഊന്നൽ നൽകണമെന്ന് കേന്ദ്ര കൃഷി, കർഷക ക്ഷേമ സഹമന്ത്രി രാം നാഥ് താക്കൂർ . കർണ്ണാടകയിലെ രാമനഗര ശ്രീ മഞ്ജുനാഥ കൺവെൻഷൻ ഹാളിൽ നാളികേര വികസന ബോർഡ് സംഘടിപ്പിച്ച ലോക നാളികേര ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയിൽ മുൻതൂക്കം നൽകേണ്ട വിഷയങ്ങൾ ഇനിയുമുണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി ഭൂമിയുടെ ഫലഭൂയിഷ്ഠത മോശമാവുകയും തന്മൂലം മനുഷ്യന്റെ ആരോഗ്യ സ്ഥിതിയും മോശമാകുന്നു. അതിനാൽ ഭൂമിയുടെയും മനുഷ്യരാശിയുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നാം ജൈവ കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.ആഗോള തലത്തിൽ നാളികേര ഉൽപ്പാദനക്ഷമതയിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണെന്നും, 19 സംസ്ഥാനങ്ങളിലും 4 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 23.28 ലക്ഷം ഹെക്ടറിൽ പ്രതിവർഷം 22.28 ബില്യൺ നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. കേരളം, കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് രാജ്യത്തെ നാളികേര ഉൽപ്പാദനത്തിന്റെ 92 ശതമാനവും നിലകൊള്ളുന്നതന്നും അദ്ദേഹം കൂട്ടിചേർത്തു.

ബാംഗ്ലൂർ അഗ്രികൾച്ചറൽ സയൻസസ് സർവ്വകലാശാല, വൈസ് ചാൻസലർ, ഡോ. എസ്. വി. സുരേഷ, രാമനഗര ജില്ലാ പഞ്ചായത്ത് ഭവൻ, സിഇഒ, ദിഗ്‌വിജയ് ബോഡ്കെ, നാളികേര വികസന ബോർഡ് നോൺ എക്സിക്യൂട്ടീവ് ചെയർമാൻ സുബ്ബ നാഗരാജൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരത്തോളം പുരോഗമന കർഷകർ, സംരംഭകർ, ഉത്പാദകർ, നാളികേര വികസന ബോർഡ് ഉദ്യോഗസ്ഥർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പരിപാടിയിൽ പങ്കെടുത്തു. കർഷകർക്കായി തെങ്ങ് കൃഷി രീതിയും സസ്യ സംരക്ഷണവും, മൂല്യവർദ്ധനവ്, രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നയിച്ചു. ഇതോടനുബന്ധിച്ച് പ്രദർശന മേളയും സംഘടിപ്പിച്ചു. നാളികേര വികസന ബോർഡ് സിഇഒ ഡോ. പ്രഭാത് കുമാർ മുഖ്യ പ്രഭാഷണവും, മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡ സ്വാഗതവും, രാമനഗര ഹോർട്ടികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. എസ്. രാജു നന്ദിയും പ്രകാശിപ്പിച്ചു.

# ഇസുസു ഡിമാക്സ് പുതിയ ക്യാബ്ചാസിസ് വേരിയന്റ് പുറത്തിറക്കി



**കൊച്ചി:** ഡിമാക്സ് പിക്ക്അപ്പ് വാണിജ്യ വാഹന വിഭാഗത്തിൽ പുതിയ ക്യാബ്ചാസിസ് വേരിയന്റ് അവതരിപ്പിച്ച് ഇസുസു മോട്ടോഴ്സ് ഇന്ത്യ. പുതിയ ഇസുസു ഡിമാക്സ് സിംഗിൾ ക്യാബ് 1.7 ക്യാബ്ചാസിസ് സ്റ്റാൻഡേർഡ് വേരിയന്റ് എഫ് എം സി ജി, ഫുഡ് ആന്റ് കാറ്ററിംഗ്, ലാസ്റ്റ്മൈൽ ഡെലിവറി തുടങ്ങിയ വിവിധ ബിസിനസ്സുകളിൽ ദീർഘദൂര യാത്രകളിൽ ഏറെ അനുയോജ്യമാണ്. അത്തരം ഉപഭോക്താക്കൾക്ക് അവരുടെ ബിസിനസ് ആവശ്യകതകൾക്ക് അനുയോജ്യമായ സ്വന്തം ലോഡ്ബോഡികൾ നിർമ്മിക്കാനുള്ള സൗകര്യമുണ്ട്. 2.5 ലിറ്റർ ഇസുസു 4ജെഎ1 എഞ്ചിൻ, എയറോഡൈനാമിക് എക്സ്റ്റീരിയർ ഡിസൈൻ, ഫാബ്രിക് അപ്ഹോൾസ്റ്ററി, ഗിയർ ഷിഫ്റ്റ് ഇൻഡിക്കേറ്ററുള്ള മൾട്ടിഇൻഫർമേഷൻ ഡിസ്പ്ലേ ക്ലസ്റ്റർ, പാനിക് ബ്രേക്കിങ്ങിൽ എഞ്ചിനിലേക്ക് പവർ കട്ട് ചെയ്യുന്ന ബ്രേക്ക് ഓവർറൈഡ് സിസ്റ്റം തുടങ്ങിയ ധാരാളം പ്രത്യേകതകൾ വരുന്നതാണ് ഈ വാഹനം.രാജ്യത്തെ ബിസിനസ്സ് ഉപഭോക്താക്കൾക്ക് ഏറ്റവും അനുയോജ്യമായ പിക്ക്അപ്പായി ഇസുസു ഡിമാക്സ് മാറിയെന്ന് ഇസുസു മോട്ടോഴ്സ് ഇന്ത്യയുടെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ടോറു കിഷിമോട്ടോ പറഞ്ഞു. 9,99,990 രൂപയാണ് ഡിമാക്സ് സിംഗിൾ ക്യാബ് 1.7 ക്യാബ്ചാസിസ് സ്റ്റാൻഡേർഡ് വേരിയന്റ് പ്രാരംഭ വില. ബുക്കിംഗ് ആരംഭിച്ച വാഹനത്തിന്റെ ഡെലിവറി ഉടൻ ആരംഭിക്കും.

# സഹകാർ സെ സമൃദ്ധി പദ്ധതി: ക്ഷീര സഹകരണ ഫെഡറേഷനുകളെയും മേഖല യൂണിയനുകളെയും ഉൾപ്പെടുത്തണം: മിൽമ

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ 100 ദിന സംരംഭങ്ങളുടെ ഭാഗമായുള്ള 'സഹകാർ സെ സമൃദ്ധി' പദ്ധതി മാർഗനിർദ്ദേശങ്ങളിൽ സംസ്ഥാന ക്ഷീര സഹകരണ ഫെഡറേഷനുകളെയും പ്രധാന മേഖല യൂണിയനുകളെയും ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് മിൽമ എറണാകുളം മേഖല യൂണിയൻ (ഇആർസിഎംപിയു).

രണ്ട് ലക്ഷം പുതിയ എംപിഎസിഎസ് (മൾട്ടിപർപ്പസ് പ്രൈമറി അഗ്രികൾച്ചറൽ കോഓപ്പറേറ്റീവുകൾ), പ്രാഥമിക ക്ഷീര/മത്സ്യ സഹകരണ സംഘങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള മാർഗദർശിക രൂപീകരിക്കുന്നതോടെ ഈ സംരംഭം ഗ്രാമീണ മേഖലയിലെ വ്യവസായത്തെ പ്രചോദിപ്പിക്കുകയും കർഷകർക്ക് പ്രതീക്ഷ നൽകുകയും ചെയ്യുമെന്ന് കേന്ദ്ര ആഭ്യന്തര സഹകരണ മന്ത്രി അമിത് ഷായ്ക്ക് അയച്ച മെമ്മോറാണ്ടത്തിൽ ഇആർസിഎംപിയു ചൂണ്ടിക്കാട്ടി. ഫെഡറേഷനുകളുടെയും മേഖല യൂണിയനുകളുടെയും ശക്തമായ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന സഹകരണ സമീപനം വിജയമാകുമെന്ന് മെമ്മോറാണ്ടത്തിൽ പറയുന്നു. കർഷകരുമായുള്ള മികച്ച ഏകോപനവും ഇടപെടലും ഇതിലൂടെ സാധ്യമാകും. സഹകരണ മന്ത്രാലയത്തിന്റെ 100 ദിന സംരംഭ പരിപാടി സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പാണ്. ധവള വിപ്ലവം 2.0 ലക്ഷ്യമിട്ടുള്ള നിർദേശങ്ങൾ വികസിപ്പിക്കുന്നതിൽ സംസ്ഥാന ഫെഡറേഷനുകളെയും പ്രധാന പ്രാദേശിക യൂണിയനുകളെയും ഉൾപ്പെടുത്തണം.പ്രാദേശിക യൂണിയനുകളെ ഉൾപ്പെടുത്തുന്നതിലൂടെ ചെറുകിട ക്ഷീരകർഷകർക്ക് പിന്തുണ നൽകി ഈ പരിപാടിയുടെ വ്യാപനവും സ്വാധീനവും രാജ്യത്തിന്റെ വിദൂര കോണുകളിലേക്കും വ്യാപിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുമെന്ന് ഇആർസിഎംപിയു ചെയർമാൻ എം.ടി. ജയൻ പറഞ്ഞു. ഈ നടപടി ക്ഷീരകർഷകർക്ക് സുസ്ഥിരമായ വളർച്ചയ്ക്കും നിലനിൽപ്പിനും വഴിയൊരുക്കും. കേന്ദ്രസംസ്ഥാന സർക്കാരുകൾ, സംസ്ഥാന ഫെഡറേഷനുകൾ, പ്രാദേശിക യൂണിയനുകൾ എന്നിവ തമ്മിലുള്ള ശക്തമായ സഹകരണത്തോടെ ഇന്ത്യയിലെ ക്ഷീരകർഷകരുടെ ശോഭനമായ ഭാവിക്കായി കൂട്ടായി പ്രവർത്തിക്കാനാകുമെന്ന് വിശ്വസിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. കേന്ദ്ര സംരംഭങ്ങൾക്ക് സംഭാവന നൽകാനും പിന്തുണയ്ക്കാനുമുള്ള ഇആർസിഎംപിയുടെ സന്നദ്ധതയും ചെയർമാൻ പ്രകടിപ്പിച്ചു.


Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663